# വാസ്തവം

## ബോധ്യപ്പെടുമ്പോൾ





## മറക്കില്ലൊരിക്കലും...

# വാസ്തവം ബോദ്ധ്യപ്പെടുമ്പോൾ

*'ഈ ലോകം നമ്മൾ ഇന്ന് കാണുന്നതിനേക്കാൾ അല്പമെങ്കിലും മെച്ചമാക്കിയിട്ടു വേണം നമുക്ക് ഇവിടെ നിന്നും തിരികെ മടങ്ങാൻ - **ബേഡൻ പൗവ്വൽ***

*'സേവനമാണ് യഥാർത്ഥ ഈശ്വര ആരാധന'- **മഹാത്മാഗാന്ധി***

*'മനുഷ്യരെ സ്നേഹിക്കുന്നവർക്കേ ദൈവത്തിലെത്തുവാൻ കഴിയൂ' - **ഖലീൽ ജിബ്രാൻ***

തനിക്കു ചുറ്റുമുള്ള എല്ലാ ജനകീയ വിഷയങ്ങളിലും ഇടപ്പെട്ട് പരിഹാരം കാണാൻ ശ്രമിക്കുന്ന ആന്റോ ആന്റണി എന്ന ജനപ്രതിനിധിയെ വിലയിരുത്തുമ്പോൾ മേൽപറഞ്ഞ നിരീക്ഷണങ്ങൾ ഓർമ്മയിലേക്ക് കടന്നുവരും.

വിലയിടിവിൽ പകച്ചു നിൽക്കുന്ന റബ്ബർ കർഷകർ, ജീവിതം വഴിമുട്ടി നിൽക്കുന്ന നെൽകർഷകർ, രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലില്ലായ്മ മൂലം ജീവിതം വഴിമുട്ടി നിൽക്കുന്ന യുവാക്കൾ, മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പോരാട്ടങ്ങൾ, പ്രവാസി സമൂഹത്തിന് വേണ്ടിയുള്ള നിരന്തരമായ ഇടപെടലുകൾ, നേഴ്സസ് സമൂഹത്തിന് വേണ്ടി നടത്തിയ നിരവധിയായ പോരാട്ടങ്ങൾ, ശാരീരിക ന്യൂനതകളുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഇവയെല്ലാം വിലയിരുത്തുമ്പോൾ ആന്റോ ആന്റണി ജനപ്രതിനിധി എന്ന നിലയിൽ നവീനമായ ദിശാബോധമാണ് പ്രകടിപ്പിച്ചത്.

ഐക്യരാഷ്ട്ര സഭയിലും ബ്രിട്ടീഷ് പാർലമെന്റിലും പ്രസംഗിക്കുവാൻ അവസരം ലഭിച്ചു എന്നുള്ളത് യാദൃശ്ചികമല്ല. വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വിദ്യാഭ്യാസ വായ്പയുടെ ലഭ്യത ഏവർക്കും ഉറപ്പു വരുത്തുന്നതിനും, പലിശ ഇളവുകളും തിരിച്ചടക്കൽ വ്യവസ്ഥകളും ലഘൂകരിക്കുന്നതിനും, വിദ്യാഭ്യാസ വായ്പ മുഴുവൻ കുട്ടികൾക്കും ലഭിക്കുവാൻ ബാങ്കുകളുമായി ചേർന്ന് അദാലത്ത് നടത്തിയ പാർലമെന്റ് അംഗം, അതിനൂതനമായ കാർബൺ വിനിമയ വിപണി എന്ന ആശയം വരെ പാർലമെന്റിൽ ഉന്നയിച്ച അംഗം, അങ്ങനെ നീളുകയാണ് ശ്രദ്ധേയമായ വിഷയങ്ങൾ. ആന്റോ ആന്റണിയുടെ പ്രവർത്തനങ്ങൾ ജനങ്ങൾ അറിഞ്ഞതിലും അപ്പുറം ജനങ്ങളിലെത്തിക്കുവാനുള്ള താല്പര്യമാണ് ഈ പ്രസിദ്ധീകരണത്തിന് പിന്നിൽ.

നമുക്ക് ചുറ്റുമുള്ള ലോകം എങ്ങനെയും ആകട്ടെ, നമ്മൾ കണ്ടു തുടങ്ങിയതിനേക്കാൾ മെച്ചപ്പെടുത്തിയതിന് ശേഷമാകണം നമ്മൾ ഈ ലോകത്ത് നിന്നും തിരികെ മടങ്ങാൻ എന്നുള്ള ബേഡൻ പൗവ്വലിന്റെ വാക്കുകളാണ് ആന്റോ ആന്റണിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുമ്പോൾ ബോധ്യമാകുന്നത്. ആ ബോധ്യമാണ് '**വാസ്തവം**' പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രേരക ശക്തിയായത്.

സ്നേഹപൂർവ്വം

എഡിറ്റർ




അമൃത് പദ്ധതിയിലുൾപ്പെടുത്തി 12.41 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് നടക്കുന്നത്

റയിൽവേ വികസനം

# തിരുവല്ല റെയിൽവേ സ്റ്റേഷന് 12.41 കോടി

കേന്ദ്ര സർക്കാരിന്റെ അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരികയാണ്. 12.41 കോടി രൂപയാണ് ഇതിന് വേണ്ടി അനുവദിച്ചിട്ടുള്ളത്.

- പ്രധാന കവാടം, എൻട്രൻസ് പോർച്ച്, ആഗമന കവാടം എന്നിവയുടെ നിർമ്മാണം
- നടപ്പാലം,കാത്തിരിപ്പു കേന്ദ്രം എന്നിവയുടെ വിസ്തൃതി കൂട്ടൽ. റയിൽവേ സ്റ്റേഷനിൽ വരുന്ന വാഹനങ്ങൾക്ക് സുഗമമായി കടന്നുവരാനും പാർക്ക് ചെയ്യാനുമുള്ള സൗകര്യം വർദ്ധിപ്പിക്കൽ
- ലാൻഡ്സ്കേപ്പിംഗ്, പ്ലാറ്റ്ഫോമുകളുടെ നവീകരണം, പ്ലാറ്റ്ഫോമുകളിൽ പൂർണ്ണമായും മേൽക്കൂര നിർമ്മിക്കൽ, ടിക്കറ്റ് ബുക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ.







- ശുചിമുറികൾ, വലിയ ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുക, റെയിൽവേ സ്റ്റേഷനിൽ എല്ലാ ഭാഗത്തും പൂർണ്ണമായി വെളിച്ചം ലഭ്യമാവുന്നതിനുള്ള സംവിധാനം.
- പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം നവീകരിക്കുക, ആവശ്യത്തിന് ബെഞ്ചുകൾ സ്ഥാപിക്കുക, വാഷ്ബേസിനുകൾ, ഡെസ്റ്റ്ബിന്നുകൾ, സെറിമോണിയൽ ഫ്ളാഗ് തുടങ്ങിയവ സ്ഥാപിക്കുക
- ഇലക്ട്രിഫിക്കേഷൻ ഫർണിച്ചറുകളും സിഗ്നൽ ആന്റ് ടെലി കമ്മ്യൂണിക്കേഷൻ അറേഞ്ച്മെന്റ്സ് എന്നിവ നടപ്പിലാക്കുക

തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് തിരുവല്ല റെയിൽവേ സ്റ്റേഷന്റെ നവീകരണാർത്ഥം നടന്നുകൊണ്ടിരിക്കുന്നത്. ഇത് പൂർത്തിയാകുന്നതോടെ തിരുവല്ല റെയിൽവേ സ്റ്റേഷന്റെ സൗകര്യം വർദ്ധിക്കുകയും സ്റ്റേഷന് പുതിയ മുഖഛായ കൈവരികയും ചെയ്യും.

## മറ്റു പദ്ധതികൾ

- 1 കോടി രൂപ ചിലവഴിച്ച് ഒന്നാം പ്ലാറ്റ്ഫോമിൽ നിന്ന് രണ്ടാം പ്ലാറ്റ്ഫോമിലേക്ക് അനായാസം എത്തുന്നതിന് എസ്കലേറ്റർ സ്ഥാപിച്ചു.
- ഒന്നും രണ്ടും പ്ലാറ്റ്ഫോമുകളിൽ 80 ലക്ഷം ചെലവഴിച്ച് ലിഫ്റ്റ് സ്ഥാപിച്ചു. ഒന്നാം പ്ലാറ്റ്ഫോമിനെയും രണ്ടാം പ്ലാറ്റ്ഫോമിനെയും ബന്ധിപ്പിക്കുന്ന മേൽപ്പാലം നിർമ്മിച്ചു.
- രണ്ട് പ്ലാറ്റ്ഫോമുകളിലും ആസ്പറ്റോസ് ഷീറ്റുകൾ മാറ്റി പകരം ഗാൽവനൈസ്ഡ് ഷീറ്റുകൾ സ്ഥാപിച്ചു.
- നിരവധി ദീർഘദൂര ട്രെയിനുകൾക്ക് തിരുവല്ലയിൽ സ്റ്റോപ്പ് അനുവദിച്ചു.
- തിരുവല്ല റെയിൽവേ സ്റ്റേഷൻ എസ്കലേറ്റർ നിർമ്മാണം- 1 കോടി
- തിരുവല്ല റെയിൽവേ സ്റ്റേഷൻ റോഡ് നവീകരണത്തിന് 55 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

# നമ്മുടെ അഭിമാനമായി കേന്ദ്രീയ വിദ്യാലയങ്ങൾ

പത്തനംതിട്ടയുടെ വിദ്യാഭ്യാസരംഗത്ത് ഒരു പൊൻതൂവലാണ് കേന്ദ്രീയ വിദ്യാലയങ്ങൾ. ജില്ലയിലെ കേന്ദ്രീയ വിദ്യാലയങ്ങളായ ചെന്നീർക്കരയും കോന്നിയും ആന്റോ ആന്റണി എം.പിയുടെ ശ്രമഫലം ഒന്നുകൊണ്ടു മാത്രമാണ് പത്തനംതിട്ടയ്ക്ക് സ്വന്തമായത്. ചെന്നിർക്കര കേന്ദ്രീയ വിദ്യാലയത്തിന് 29 കോടി രൂപയാണ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി മാത്രം അനുവദിച്ചത് 8.5 ഏക്കറിൽ നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ നിരവധി വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. കോന്നിയിൽ പുതുതായി നിർമ്മിച്ച കേന്ദ്രീയ വിദ്യാലയത്തിന് 29 കോടി രൂപയാണ് തുടക്കത്തിൽ അനുവദിച്ചത്. പത്തനംതിട്ടയിലെ മൂന്നാമത്തെ ഈ കേന്ദ്രീയ വിദ്യാലയം കൂടി യാഥാർത്ഥ്യമാകുമ്പോൾ പത്തനംതിട്ട ജില്ലയുടെ ചിരകാല സ്വപ്നമാണ് പൂവണിഞ്ഞത്. പ്രധാന കവാടം, ചുറ്റുമതിൽ, ജീവനക്കാർക്കുള്ള കോട്ടേജുകൾ, ടേബിൾ ടെന്നീസ്, ബാസ്ക്കറ്റ് ബോൾ, ടെന്നീസ് കോർട്ടുകൾ അടക്കം ആധുനിക സൗകര്യങ്ങടങ്ങിയ കെട്ടിടങ്ങളാണ് കോന്നിയിലേത്. നിലവിൽ ഒന്നുമുതൽ 9 വരെ ക്ലാസ്സുകളായി 400 ഓളം കുട്ടികൾ ഇവിടെ പഠനം നടത്തുന്നത്. ഇതിനോട് ചേർന്ന് തന്നെ കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും സമീപവാസികൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ ബസ് വെയിറ്റിംഗ് ഷെഡ് കൂടി എം.പി ഫണ്ടിൽ നിന്നും തുക അനുവദിച്ച് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് കേന്ദ്രീയ വിദ്യാലയങ്ങളുടെ സവിശേഷത. ജില്ലയിലെ പാവപ്പെട്ട പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും സൈനിക കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരുടെ മക്കൾക്കുമാണ് പ്രത്യേക പരിഗണന ലഭിക്കുക.






ജില്ലയിലെ 3-ാമത്തെ കേന്ദ്രീയ വിദ്യാലയവും യഥാർഥ്യമായി. 29 കോടി രൂപയാണ് കെട്ടിടം നിർമ്മിക്കാൻ മാത്രം ചിലവഴിച്ചത്









# വഴിമുടക്കുന്ന രാഷ്ട്രീയം

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആന്റോ ആന്റണി എം.പിയുടെ ശ്രമഫലമായി 29 കോടി രൂപ ചിലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച കോന്നി കേന്ദ്രീയ വിദ്യാലയത്തിലേക്കുള്ള പ്രവേശനവഴി അടച്ച ഇടതു സർക്കാർ നടപടി വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഒരുപോലെ ബുദ്ധിമുട്ടിച്ചിരിക്കുകയാണ്. കോന്നി കേന്ദ്രീയ വിദ്യാലയത്തിലേക്കുള്ള റോഡ് നിർമ്മാണം തടസ്സപ്പെടുത്തുന്ന ഇടതു സർക്കാരിന്റെ നടപടി പ്രതിഷേധിച്ച് ആന്റോ ആന്റണി എം.പിയുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസ സമരം.

പുതിയതായി നിർമ്മിച്ച ഈ കേന്ദ്രീയ വിദ്യാലയത്തിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് വിദ്യ അഭ്യസിക്കാനായി എത്തുന്നത്. അതുകൊണ്ടു തന്നെ ആന്റോ ആന്റണി എം.പി സ്വന്തം താല്പര്യമെടുത്ത് കേന്ദ്രീയ വിദ്യാലയത്തിന് മുന്നിൽ ഒരു ബസ് കാത്തിരിപ്പ് കേന്ദ്രവും നിർമ്മിച്ചു. ഈ കേന്ദ്രീയ വിദ്യാലയത്തിലേക്കുള്ള ദൂരം കുറഞ്ഞ റോഡിന്റെ പ്രവൃത്തിക്ക് വേണ്ടി 22 ലക്ഷം രൂപയാണ് എം.പി ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇല്ലാത്ത ഓർഗാനിക് ഫാമിന്റെ പേരു പറഞ്ഞ് സംസ്ഥാന കൃഷി വകുപ്പ് ഇതിന് തടസ്സം നിൽക്കുകയാണ്. ഇതോടെ നാട്ടിലുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഗുണപ്രദമായ നല്ലൊരു പദ്ധതിയ്ക്ക് സർക്കാർ ഇടങ്കോലിടുന്ന ദുഃഖകരമായ അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇതിനെതിരെ വലിയ രീതിയിലാണ് പ്രദേശത്ത് പ്രതിഷേധം ഉയർന്നു കൊണ്ടിരിക്കുന്നത്. 29 കോടി രൂപ ചിലവഴിച്ച് പണി പൂർത്തീകരിച്ച കേന്ദ്രീയ വിദ്യാലയത്തിലേക്കുള്ള റോഡിന് അനുമതി നിഷേധിച്ച ഇടതു സർക്കാരിന്റെ നടപടിയ്ക്കെതിരെ ആന്റോ ആന്റണി എം.പി നേരിട്ട് സത്യാഗ്രഹ സമരം നടത്തി. രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെ കേന്ദ്രീയ വിദ്യാലയത്തിലേക്കുള്ള റോഡ് നിർമ്മിക്കുകയും ചെയ്തു. ഈ റോഡ് കോന്നി, അരുവാപുലം പഞ്ചായത്തുകളുടെ ആസ്തിയിലുള്ളതുമാണ്.



# അന്താരാഷ്ട്ര നിലവാരത്തോടെ റോഡുകൾ

നാടിന്റെ അടിസ്ഥാന വികസന രംഗത്ത് അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നവയാണ് റോഡുകളും പാലങ്ങളും ഉൾപ്പെടുന്ന അടിസ്ഥാന യാത്രാ സൗകര്യങ്ങൾ. പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ വിവിധ റോഡുകളുടെ നവീകരണത്തിനായി പ്രാദേശിക വികസന ഫണ്ടിനും ഉപരിയായി കോടികളുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളാണ് ആന്റോ ആന്റണിയുടെ ശ്രമഫലമായി പൂർത്തീകരിച്ചിട്ടുള്ളത്. ഒരു ജനപ്രതിനിധി എന്ന നിലയിൽ കഴിഞ്ഞ 15 വർഷം കൊണ്ട് നിരവധി പദ്ധതികളാണ് അദ്ദേഹം പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ നടപ്പിലാക്കിയത്. അന്താരാഷ്ട്ര നിലവാരത്തിൽ പണികഴിപ്പിച്ച നിരവധി റോഡുകൾ, കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടത്തിയ റോഡ് നവീകരണ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം നിരവധി റോഡുകൾ എന്നിങ്ങനെ നീളുന്നു പദ്ധതികൾ.

## ദേശീയപാത 183 എ
## ഭരണിക്കാവ്- മുണ്ടക്കയം - 85.18 കോടി

- ഭരണിക്കാവ്-മുണ്ടക്കയം ദേശീയ പാത ഭരണിക്കാവിൽ നിന്ന് തുടങ്ങി കടമ്പനാട്, അടൂർ, തട്ട, കൈപ്പട്ടൂർ, പത്തനംതിട്ട, മൈലപ്ര, മണ്ണാറ തുടങ്ങി എരുമേലി വഴി മുണ്ടക്കയത്ത് എത്തുന്നത്. നിർദ്ദിഷ്ട ദേശീയപാതയുടെ ഇലവുങ്കലിൽ നിന്നും പമ്പ വരെയുള്ള 21 കിലോമീറ്റർ കൂടി ദേശീയ പാതയുടെ ഭാഗമായതോടെ പൂർണ്ണമായ അർത്ഥത്തിൽ ശബരിമല ഹൈവേ ആയി മാറി. 116 കിലോമീറ്റർ ആണ് ഈ പാതയുടെ ദൈർഘ്യം. ഇതിന്റെ പുനർ നിർമ്മാണത്തിന് 1350 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.
- ഭരണിക്കാവ്-മുണ്ടക്കയം ദേശീയപാതയുടെ 67 കിലോമീറ്റർ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 85.18 കോടി രൂപയാണ് ചിലവഴിച്ചത്.
- പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ ഭരണിക്കാവ് മുതൽ എരുമേലി വരെ 30.18 രൂപ അനുവദിച്ചു പണി പൂർത്തീകരിച്ചു.
- രണ്ടാം ഘട്ടത്തിൽ മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെ 32.1 കിലോമീറ്റർ പുനർ നിർമ്മാണത്തിന് 47 കോടി രൂപയും കൈപ്പട്ടൂർ മുതൽ പത്തനംതിട്ട വരെ 5.64 കിലോമീറ്റർ റോഡിന്റെ പുനർ നിർമ്മാണത്തിന് 8 കോടി രൂപയാണ് അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചത്.

കേന്ദ്ര റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ 32.6 കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 88.94 കോടി രൂപയാണ് അനുവദിച്ചത്.

## ദേശീയപാത 183
## (ചെങ്കൽ പള്ളി-മുണ്ടക്കയം)
## 22 കോടി

എൻ.എച്ച് 153 കൊല്ലം-തേനി ദേശീയ പാതയുടെ ചെങ്കൽപള്ളി മുതൽ മുണ്ടക്കയംവരെയുള്ള 27 കിലോമീറ്റർ പുനരുദ്ധാരണത്തിന് 22 കോടി രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

## ഗ്രീൻഫീൽഡ് ഹൈവേ

മലയോര മേഖലയുടെ സ്വപ്നതുല്യമായ വികസനത്തിന് വഴിയൊരുക്കുന്ന തിരുവനന്തപുരം- അങ്കമാലി ഗ്രീൻഫീൽഡ് ഹൈവേയ്ക്കുള്ള അന്തിമ അനുമതിയായി. ഇതു സംബന്ധമായി ആദ്യം അംഗീകരിച്ച അലൈൻമെന്റ് കലഞ്ഞൂർ-കൂടൽ-മന്ദമരുതി ഉൾപ്പെടെയുള്ള ചെറു പട്ടണങ്ങളെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് മനസ്സിലാക്കിയപ്പോൾ നാഷണൽ ഹൈവേ ഉൾപ്പെടുന്ന പാർലമെന്റിന്റെ ഉപരിതല ഗതാഗത സ്റ്റാൻഡിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ ചെയർമാനെയും കമ്മിറ്റിയെയും നിലവിലുള്ള അലൈൻമെന്റ് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ബോദ്ധ്യപ്പെടുത്തിയപ്പോൾ അത് റദ്ദാക്കി പുതിയ അലൈൻമെന്റ് നടപ്പാക്കാൻ കഴിഞ്ഞു. അതോടെ നൂറുകണക്കിന് വ്യാപാര സ്ഥാപനങ്ങളും വീടുകളും ആരാധനാലയങ്ങളും ഒഴിവാക്കിയെടുക്കുവാൻ സാധിച്ചു. ഗ്രീൻഫീൽഡ് ഹൈവേ പത്തനംതിട്ടയുടെ മുഖച്ഛായ മാറ്റുന്ന അതിബൃഹത്തായ പദ്ധതിയാണ്.

## കേന്ദ്ര റോഡ് ഫണ്ട്-
## 88.94 കോടി

കേന്ദ്ര റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ 32.6 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി 88.94 കോടി രൂപ അനുവദിച്ചു.

തടിയൂർ- കരുടാമണ്ണിൽകടവ്- പേരൂച്ചാൽ റോഡിന് **12 കോടി**

എരുമേലി- പൂഞ്ഞാർ റോഡിന് **24.30 കോടി**

മല്ലപ്പള്ളി- ചെറുകോൽപുഴ- കോഴഞ്ചേരി റോഡിന് **16 കോടി**

മല്ലപ്പള്ളി- പുല്ലാട് റോഡിന് **12.64 കോടി**

കാഞ്ഞിരപ്പള്ളി-തമ്പലക്കാട്-എലിക്കുളം റോഡിന് **9 കോടി**

ആറന്മുള- കുഴിക്കാല-പരിയാരം- ഇലവുംതിട്ട-
10 കിലോമീറ്റർ റോഡിന് **15 കോടി**







# PMGSY (പ്രധാനമന്ത്രി ഗ്രാമ സഡക് യോജന)
# 182 കോടി രൂപ

ഏതൊരു നാടിന്റെയും സാമ്പത്തിക പുരോഗതിക്കും അഭിവൃദ്ധിക്കും അനിവാര്യമായ ഘടകമാണ് മെച്ചപ്പെട്ട ഗതാഗത സൗകര്യം. ഗ്രാമീണ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് PMGSY.

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ 2009 മുതൽ 2024 വരെയുള്ള കാലയളവിൽ 259 കിലോമീറ്റർ ദൈർഘ്യത്തിൽ 103 റോഡുകളാണ് ഈ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ചത്. മൊത്തം 182 കോടി രൂപ ഇതിനു വേണ്ടി ചിലവഴിച്ചു.

# പി.എം.ജി.എസ് വൈ റോഡുകൾ

- പുന്നമൂട് - വട്ടുതറ റോഡ് - 118.93 ലക്ഷം
- കല്ലുങ്കൽ - അഴകാശ്ശേരി റോഡ് - 47.50 ലക്ഷം
- നിരണം - ഡക്ക്ഫാം റോഡ് - 388.93 ലക്ഷം
- കുളത്തൂർ പടി - തൃക്കോമല റോഡ് - 112.79 ലക്ഷം
- കാലായിൽപടി - കൊച്ചുപറമ്പിൽപടി റോഡ് - 131.40 ലക്ഷം.
- ചെന്നാട്ടുപടി - അമ്പാട്ടുപടി - അരീക്കക്കാവ് റോഡ് - 144.29ലക്ഷം
- കൊമ്പനോലി - മുക്കുഴി റോഡ് - 164.12 ലക്ഷം
- പുതുമല - തേപ്പുപാറ റോഡ് - 144.97 ലക്ഷം
- മാങ്കോട് - എച്ച് എസ് - തിടി - നിരത്തുപാറ രോഡ് - 400.27 ലക്ഷം
- തട്ടാരുപടി - കോയ്പ്പള്ളിമല റോഡ് - 237.43 ലക്ഷം
- ആലുമ്മൂട് - തെങ്ങമം റോഡ് - 263.42 ലക്ഷം
- മേപ്രാൽ - തനങ്ങാട് റോഡ് - 58.81 ലക്ഷം
- അയ്യൻവേലി - മുണ്ടപ്പള്ളി റോഡ് - 60.03 ലക്ഷം
- പാടം - പോത്തുപാറ റോഡ് - 371.46 ലക്ഷം
- ഫാക്ടറിപ്പടി - പൊരിയക്കോട് റോഡ് - 148.93 ലക്ഷം
- പഴൂർ - ചക്കിമുക്ക് റോഡ് - 581 ലക്ഷം
- നെടുമൺകാവ് - അതിരുങ്കൽ റോഡ് - 178.66 ലക്ഷം
- ചിറ്റാനിമുക്ക് - മണ്ണടി റോഡ് - 384.35 ലക്ഷം
- കല്ലേത്ത് - കനകക്കുന്ന് - കുന്നിട റോഡ് - 150.94 ലക്ഷം
- കൂടൽ - പല്ലൂർ റോഡ് - 142.63 ലക്ഷം
- മാഞ്ഞാലി - പാണ്ടിമലപ്പുറം റോഡ് - 391.98 ലക്ഷം.
- പാറയ്ക്കൽ -മങ്ങാട് വെസ്റ്റ് റോഡ് - 160.18 ലക്ഷം
- മാർമല - മാർമല അരുവി റോഡ് - 442.4 ലക്ഷം
- ഇളംകാട് - കൊടുങ്ങ റോഡ് - 94.83 ലക്ഷം
- തെങ്ങിൻതോട്ടം - അഞ്ചാനി - തലക്കുളംപീടിക റോഡ് - 363.79 ലക്ഷം
- വെൺകുറിഞ്ഞി - മാറടംകവല - മാടത്തുംപടി റോഡ് - 498.56 ലക്ഷം
- നവോദയ - കടുമീൻചിറ റോഡ് - 383.90 ലക്ഷം
- വയ്യാറ്റുപുഴ - തേരകത്ത് മണ്ണ് റോഡ്- 146.89 ലക്ഷം
- ഡിപ്പോപ്പടി - തട്ടേക്കാട് റോഡ് - 135.51 ലക്ഷം
- ആങ്ങമൂഴി - കോട്ടമൺപാറ റോഡ് - 269.84 ലക്ഷം
- കോട്ടമൺപാറ - മണക്കയം റോഡ് - 368.07 ലക്ഷം
- ഈട്ടിച്ചുവട് - നീലിപിലാവ് രോഡ് - 112.95 ലക്ഷം
- തുലാപ്പള്ളി - മുളന്താനം - പ്ലാപ്പള്ളി റോഡ് - 137.01 ലക്ഷം
- തോണ്ടിക്കയം - മണിയാർ ഡാം റോഡ് - 135.06 ലക്ഷം
- സീതത്തോട് - ഉറുമ്പിനി - വാലുപാറ റോഡ് - 248.28 ലക്ഷം
- വയ്യാറ്റുപുഴ - കുളങ്ങരവാലി റോഡ് - 197.30 ലക്ഷം
- മൺപിലാവ് - നീലിപിലാവ് റോഡ് - 117.52 ലക്ഷം
- അറയാഞ്ഞിലിമണ്ണ് എൽ പി. സ്ക്കൂൾ - പെരിങ്ങാവ് റോഡ് - 332.57 ലക്ഷം
- എ. എൻ. സി ജംഗ്ഷൻ - മുളമൂട്ടിൽ പടി റോഡ് - 175.26 ലക്ഷം
- വെട്ടുചിറ - അയ്യനവേലി റോഡ് - 470.09 ലക്ഷം
- ഇടിഞ്ഞില്ലം - വേങ്ങൽ -ആലുംതുരുത്തി റോഡ് - 184.74 ലക്ഷം
- പ്ലാക്കൽപടി - വെള്ളാവൂർ - നിരനാനി - ഒള്ളോമന റോഡ് - 1127.75 ലക്ഷം
- ഏന്തയാർ - പ്ലാപ്പള്ളി റോഡ് - 656.32 ലക്ഷം.
- തെങ്ങിൻതോട്ടം - അഞ്ചാനി - തലക്കുളം പീടിക റോഡ്- 363.79 ലക്ഷം
- ആനക്കല്ല് -പൊൻമല - പൊടിമറ്റം റോഡ് - 219.26 ലക്ഷം
- കന്നുകുഴി - അടമറ്റം റോഡ് - 232.51 ലക്ഷം.
- കറിക്കാട്ടൂർ - കരിമ്പുമാക്കൽ റോഡ് - 178.57 ലക്ഷം
- മുക്കൂട്ടുതറ - മന്ദിരം പടി റോഡ് - 373.74 ലക്ഷം
- കടയനിക്കാട് - ചാമംപതാൽ റോഡ് - 169.22 ലക്ഷം
- പാലക്കയം - കുന്നേൽ സ്ക്കൂൾ - കുന്നുംഭാഗം റോഡ് - 282.25 ലക്ഷം



- ചിറ്റടി - ഇഞ്ചിയാനി - വട്ടക്കാവ് റോഡ് - 238.18 ലക്ഷം.
- 15 ാം മൈൽ - കെ.കെ.റോഡ് - അരുവിക്കുഴി റോഡ് - 351.44 ലക്ഷം.
- ചാരുവേലി - കറിക്കാട്ടൂർ - കുന്നത്തുമല - പഴയിടം റോഡ് - 202.21 ലക്ഷം
- കൂത്രപ്പള്ളി - കുഴിക്കൽ - ഇഞ്ചക്കുഴി - ഒറ്റീത്തപ്പടി റോഡ് - 249.45 ലക്ഷം
- മാണികുളം - കല്ലോലി റോഡ് - 137.24 ലക്ഷം
- ഇരുമ്പൂന്നിക്കര - കോയിക്കക്കാവ് റോഡ് - 144.17 ലക്ഷം
- അരുവിത്തുറ - മാന്ത റോഡ് - 280.81 ലക്ഷം
- വില്ലണി - മിച്ചഭൂമി റോഡ് - 263.25 ലക്ഷം
- 26ാം മൈൽ - പുലുന്ന് - വനദപ്പാറ റോഡ് - 220.58
- മൂങ്ങാത്തറ - കരിപ്പൈക -കരിപ്പക്കല്ല് - അമ്പാട്ട്പടി റോഡ് - 162.36 ലക്ഷം
- കാഞ്ഞിരമറ്റം - ആലുങ്കൽ റോഡ് - 48.63 ലക്ഷം
- ഇളംകാട് - കൊടുങ്ങ റോഡ്- 94.83 ലക്ഷം
- അട്ടച്ചാക്കൽ ഈസ്റ്റ് - കിഴക്കുപുറം റോഡ് - 137.42 ലക്ഷം
- കല്ലിശ്ശേരി - കവുങ്ങുംപ്രയാർ അടങ്ങപ്പുറത്ത് പടി റോഡ് - 195.38 ലക്ഷം
- കോയിപ്രം - വലിയാനക്കുഴി - ഇരപ്പക്കാവ് റോഡ് - 234.03 ലക്ഷം
- ഇടയ്ക്കാട് മാർക്കറ്റ് - റ്റി. കെ. റോഡ് - 255.97 ലക്ഷം
- മേത്താനം - കൊല്ലന്റേത്ത് പടി റോഡ് - 124.70 ലക്ഷം
- ചെട്ടിമുക്ക് - തടിയൂർ - വാളക്കുഴി - നാരകത്താനി റോഡ് - 225.63 ലക്ഷം
- തേക്കുങ്കൽ - ചിറപ്പുറം - ഇളപ്പുങ്കൽ റോഡ് - 225.61ലക്ഷം
- പ്ലാങ്കമൺ - പൂവൻമല റോഡ് - 333.05 ലക്ഷം
- മണ്ണാറക്കുളഞ്ഞി -  കാവനാൽ റോഡ് - 212.20 ലക്ഷം
- ചേന്നാട്ടുപടി - മേടപ്പാറ റോഡ് - 152.89 ലക്ഷം
- പതിയാൻ പടി - കുടിലുമുക്ക് റോഡ് - 46.64 ലക്ഷം
- പുലിക്കാട്ടിൽപടി - ചമതയ്ക്കൽ റോഡ് - 58.31 ലക്ഷം
- ഇടമലപ്പടി - പുതുച്ചിറപ്പടി റോഡ് - 29.05 ലക്ഷം
- വെട്ടിമൂട്ടിൽപ്പടി - ചണ്ണമാങ്കൽ റോഡ്  -32.86 ലക്ഷം
- പുത്തൻപീടിക ഈസ്റ്റ് - വെട്ടിനിൽക്കുന്നതിൽ പടി റോഡ് - 26.58 ലക്ഷം
- തോട്ടുമുകൾ - പെരുമാത്ത് റോഡ് - 36.36 ലക്ഷം
- പന്നിക്കുഴി ജംഗ്ഷൻ - എസ്. എൻ. ഡി. പി. സ്ക്കൂൾ റോഡ്  -132.00 ലക്ഷം
- കൈതവന അമ്പലം ജംഗ്ഷൻ - മുളയ്ക്കൽ പടി റോഡ് - 134.93 ലക്ഷം
- ശാന്തിപുരം - വാളക്കുഴി - കാരമല റോഡ് - 162.61 ലക്ഷം
- മുതലപ്പുഴപ്പടി - ഗുരുമന്ദിരം റോഡ് - ആലംതുരുത്തി - കുത്തിയതോട് - ആലത്തുകാട് എസ്. ബി. റ്റി ജംഗ്ഷൻ മുത്തൻകേരി റോഡ് - 356.011 ലക്ഷം
- ഐക്കരപ്പടി - മുണ്ടിയപ്പള്ളി - ഉത്താനത്ത് പടി റോഡ് - 421.77 ലക്ഷം.
- മുണ്ടുകണ്ടം കുരിശ് റോഡ് - 63.34 ലക്ഷം
- പടനിലത്ത്പടി - ഇന്ദിരാനഗർ റോഡ് - 118.41 ലക്ഷം
- വാഴവേലിപ്പടി - കവളപ്ലാക്കൽ റോഡ് - 189.75 ലക്ഷം
- മാലക്കര - ആൾത്തറപ്പടി - എരുമക്കാട് റോഡ് - 246.68 ലക്ഷം
- ഏനാദിമംഗലം - പൂതങ്കര റോഡ് - 138.71 ലക്ഷം
- എണ്ണശ്ശേരിപ്പടി - സിയോൻകുന്ന് റോഡ് - 39.98 ലക്ഷം
- പോസ്റ്റ് ഓഫീസ് ജംഗ്ഷൻ - സൊസൈറ്റിപ്പടി റോഡ് - 108.10 ലക്ഷം
- കളമപ്പുഴി - നാൽക്കാലിക്കൽ - കരിമറ്റം റോഡ് - 181.60 ലക്ഷം
- പുതിയകാവ് - തണ്ടാൻവിള റോഡ് - 159.07 ലക്ഷം
- ചിത്ര ജംഗ്ഷൻ - അമ്പലത്തിൽചിറ റോഡ് - 872.53 ലക്ഷം
- കുളങ്ങര കുമാരമംഗലം റോഡ് - 101.82 ലക്ഷം
- ചെങ്ങരൂർ - പുതുശ്ശേരി റോഡ് - 155.97
- പരിയാരം - പാറക്കടവ് റോഡ് - 164.48 ലക്ഷം
- മാരംകുളം - നിർമ്മലപുരം റോഡ് - 147.58 ലക്ഷം
- അത്തിയാൽ - വായ്പൂര് റോഡ് - 266.14 ലക്ഷം
- കോട്ടാങ്ങൽ - കടിക്കാവ് റോഡ് - 164.54 ലക്ഷം
- വെള്ളയിൽ നടമലക്കുന്ന് റോഡ് - 171.72 ലക്ഷം
- മറ്റത്തുമാവ് - അട്ടക്കുളം റോഡ് - 167.35 ലക്ഷം
- ചക്കാട്ടുപടി - പട്ടുപുരയിടം റോഡ് - 180.12 ലക്ഷം
- താന്നിപ്പടി - വടക്കേക്കര റോഡ് - 310.69 ലക്ഷം
- വെൺമേലിപ്പടി - പുതിയകാവ് റോഡ് -118.91 ലക്ഷം
- 20 ഏക്കർ - മറ്റമൺ റോഡ് - 265.21 ലക്ഷം



# ഇനി മുതൽ ഗവിയിലും മൊബൈൽ കവറേജ്



വാസ്തവം ബോധ്യപ്പെടുമ്പോൾ

സാധാരണക്കാരായ ജനവിഭാഗങ്ങൾ അധിവസിക്കുന്ന പത്തനംതിട്ടയിലെ ചെറിയൊരു പ്രദേശമാണ് ഗവി. നൂറ്റമ്പതോളം കുടുംബങ്ങളാണ് ഇവിടെ പാർക്കുന്നത്. ദിനംപ്രതിയുള്ളത് രണ്ട് കെ.എസ്.ആർ.ടി.സി ബസ്സുകൾ മാത്രം. ദൈനംദിന ആവശ്യങ്ങൾക്കു പോലും ഇവിടം വിട്ടു പുറത്തുവരാൻ കഴിയാത്ത സാഹചര്യമാണ് ഗവിയിലുള്ളത്. അതോടൊപ്പം നിരവധി വിനോദസഞ്ചാരികൾ ഗവിയുടെ പ്രകൃതി ഭംഗി ആസ്വദിക്കാൻ എത്തുന്നുമുണ്ട്. പക്ഷേ ഗവിയിലെ ജനങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള സാഹചര്യങ്ങൾ വളരെ കുറവായിരുന്നു. ടെലിഫോൺ കണക്ഷനുകളും ഇന്റർനെറ്റ് സേവനങ്ങളും ഗവിക്കാർക്ക് വെറുമൊരു സ്വപ്നം മാത്രമായിരുന്നു. കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ ജനങ്ങളെയും നാലുചുവരുകൾക്കുള്ളിൽ തളച്ചിട്ടപ്പോഴും രാജ്യത്തെ വിദ്യാഭ്യാസ സംവിധാനങ്ങൾ മുഴുവനും ഓൺലൈൻ ആയി മാറിയപ്പോഴും ഗവിയിലെ കുട്ടികൾക്ക് അത് ലഭ്യമായിരുന്നില്ല. ഇന്റർനെറ്റ് സൗകര്യം ലഭിക്കാൻ വനത്തിനുള്ളിലേക്ക് പോകേണ്ട അവസ്ഥയാണുണ്ടായിരുന്നത്. ഇതിന് പോലും വന്യമൃഗ ഭീഷണി നിമിത്തം വലിയ തടസ്സമായി അനുഭവപ്പട്ടു.



## ഗവി നിവാസികളുടെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിച്ച് ആന്റോ ആന്റണി എംപി

ബിഎസ്എൻഎൽ മൊബൈൽ കവറേജും, ഇന്റർനെറ്റും യാഥാർത്ഥ്യമാകുന്നു

ഈ സമയത്താണ് ഗവിയിലെ കുട്ടികൾക്കും സാധാരണക്കാർക്കും വലിയൊരു ആശ്വാസമായി ആന്റോ ആന്റണിയുടെ സഹായം എത്തുന്നത്. മൊബൈൽ കവറേജ് ലഭ്യമാക്കുന്നതിന് വേണ്ടി ആന്റോ ആന്റണി എം.പി ടെലിഫോൺ അഡൈ്വസറി കമ്മിറ്റിയിൽ സമ്മർദ്ദം ചെലുത്തുകയും വളരെ വേഗത്തിൽ സാധ്യമാക്കുകയും ചെയ്തു.

ഗവിയിലെ ഒരു ചെറിയ ജനസമൂഹത്തിന് ആധുനിക ലോകത്തിലേക്കുള്ള ആദ്യ പടിവാതിൽ എന്നവണ്ണം ഇന്റർനെറ്റിന്റെയും ടെലികമ്മ്യൂണിക്കേഷന്റെയും നൂതനസാധ്യതകൾ തുറന്നുകൊടുത്തത് ആന്റോ ആന്റണി എം.പി യാണ്. ഇതോടെ 5 മീറ്റർ ചുറ്റളവിൽ പൊന്നമ്പലമേട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മൊബൈൽ കവറേജും ഇന്റർനെറ്റ് സംവിധാനവും ഇനി മുതൽ ലഭ്യമാകും.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഗവി ട്രൈബൽ സ്കൂളിൽ ഉണ്ടായിരുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ വിദ്യാലയത്തിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും ആവശ്യമായ ഫർണിച്ചറുകളും വാങ്ങുന്നതിന് വേണ്ടി എം.പി ഫണ്ടിൽ നിന്നും ആവശ്യമായ തുക അനുവദിച്ചു നൽകി.

# ചൂളംവിളിക്ക് കാതോർത്ത്

അങ്കമാലിയിൽ നിന്ന് എരുമേലിയിലേക്കുള്ള ശബരി റെയിൽപാത യാഥാർത്ഥ്യമാകുന്നതോടെ തീർത്ഥാടകരും വിദ്യാർത്ഥികളും കർഷകരടക്കമുള്ള ജനവിഭാഗങ്ങൾക്കും വലിയൊരു ആശ്വാസമായിരിക്കും. അതോടൊപ്പം കോട്ടയം, ഇടുക്കി ജില്ലകളിലെ നിരവധി ടൂറിസം പദ്ധതികൾക്ക് ഒരു പുത്തനുണർവ്വേകാനും ഉതകുന്നതായിരിക്കും ഈ പദ്ധതി.

ശബരി റയിൽപാതയ്ക്ക് വേണ്ടി കേരളം കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. എന്നാൽ അങ്കമാലിയിൽ നിന്ന് കാലടി വരെ 7 കിലോമീറ്റർ പ്രവർത്തനം രൂപീകരിച്ച ഈ പദ്ധതിയിൽ ഇനിയും 104 കിലോമീറ്റർ പാതയുടെ നിർമ്മാണം അവശേഷിക്കുന്നു. എന്നാൽ പദ്ധതിയുടെ പകുതി ചിലവും സംസ്ഥാന സർക്കാർ വഹിക്കാമെന്നേറ്റിട്ടുപോലും പ്രവർത്തനം തുടങ്ങാത്തത് ഏറെ നിരാശജനകമാണ്. ഈ വിഷയം നിരവധി തവണ പത്തനംതിട്ടയുടെ പാർലമെന്റംഗം എന്ന നിലയിൽ ആന്റോ ആന്റണി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നതുമാണ്.

ശബരി റയിൽപാത യാഥാർത്ഥ്യമായാൽ അത് നിരവധി മേഖലകളുടെ വളർച്ചയ്ക്ക് ഗുണകരമാകും. അങ്കമാലി കഴിഞ്ഞ് തൊട്ടടുത്ത റയിൽവേ സ്റ്റേഷനായ കാലടിയിൽ നിന്നു വെറും 5 കിലോമീറ്റർ മാത്രമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള ദുരം എന്നിരിക്കേ ഇത് വലിയ ആശ്വാസമായിരിക്കും പ്രവാസികൾ ഉൾപ്പെയുള്ളവർക്ക് ലഭിക്കുക.



തടി വ്യാപാരത്തിന്റെ പ്രമുഖ കേന്ദ്രമായ കാലടി, പെരുമ്പാവൂർ എന്നിവിടങ്ങളിൽ എത്തുന്ന കച്ചവടക്കാർക്കും പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ മൂന്നാറിലേക്കെത്തുന്ന വിനോദ സഞ്ചാരികൾക്കും, നിരവധി കർഷകർക്കും ഈ പദ്ധതി കൊണ്ട് ഏറെ ഗുണം ലഭിക്കും. അതോടൊപ്പം തന്നെ മലങ്കര ഡാം, തൊമ്മൻകുത്ത് വെള്ളച്ചാട്ടം, ഇടുക്കി ആർച്ച് ഡാം, കുളമാവ്, പുള്ളിക്കാനം തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലടക്കം സഞ്ചാരികൾക്ക് എത്തിപ്പെടാൻ ഈ പാത ഏറെ സഹായകരമാകും.





കേരളത്തിന്റെ വിദ്യാഭ്യാസ ഹബ്ബായ പാലാ പട്ടണത്തിനും ലക്ഷക്കണക്കിന് ജനങ്ങൾ പ്രതിവർഷം എത്തുന്ന വിശുദ്ധ അൽഫോൺസാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിനും കോടിക്കണക്കിന് തീർത്ഥാടകരെത്തുന്ന ശബരിമലയ്ക്കും ഇത് ഒരുപോലെ ഗുണകരമാകും. നിർദ്ദിഷ്ട എരുമേലി വിമാനത്താവളം ഏകദേശം എരുമേലിയിൽ നിന്ന് 8 കിലോമീറ്റർ മാത്രം അകലെയാണെന്ത് ഇതിന്റെ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നു. എരുമേലിയിൽ എത്തുന്ന തീർത്ഥാടകർക്ക് വെറും 43 കിലോമീറ്റർ  സഞ്ചരിച്ചാൽ ശബരിമലയിൽ എത്താനാവുമെന്നത് ഈ റയിൽപാതയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

എന്നാൽ ശബരി റയിൽപാതയുടെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. ഇത് കേരളത്തിലെ അനേകായിരം ജനങ്ങളോട് കാണിക്കുന്ന കൊടിയ വഞ്ചനയാണ്. ഈ പദ്ധതിയുടെ പ്രാധാന്യം നിരവധി തവണയാണ് പത്തനംതിട്ടയുടെ എം.പി ആന്റോ ആന്റണി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. അതിന്റെ പരിണിത ഫലമാണ് ശ്രീമതി മമതാ ബാനർജി കേന്ദ്ര റയിൽവേ മന്ത്രിയായിരുന്ന വേളയിൽ നിർദ്ദിഷ്ട ശബരി റയിൽവേ പാതയുടെ പുനലൂർ വരെയുള്ള രണ്ടാംഘട്ട പൂർത്തീകരണ പദ്ധതി കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുകയും പ്ലാനിൽ ഉൾപ്പെടുത്തി സർവ്വേയ്ക്ക് ഉത്തരവാകുകയും ചെയ്തത്.

എന്നാൽ ഏറെ പ്രതീക്ഷയോടെ മുന്നോട്ടു പോയ പദ്ധതിയുടെ പകുതിയിലധിക നിർമ്മാണവും അലയന്റ്മെന്റ് നിർണ്ണയവും ഭൂമി ഏറ്റെടുക്കലും അടക്കമുള്ള പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ പെട്ടെന്നുള്ള പിന്മാറ്റം നിരാശാജനകമാണ്. രാഷ്ട്രീയ ലക്ഷ്യം വച്ച് ഈ പദ്ധതിയെ ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തെറ്റായ തീരുമാനം തീർച്ചയായും എതിർക്കപ്പെടേണ്ടത് തന്നെയാണ്. കേരളത്തിലെ ജനങ്ങളുടെ സ്വപ്നമായ ശബരി റയിൽപാതയ്ക്ക് കഴിഞ്ഞ ബജറ്റിൽ 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആ പണം ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെ കാണുകയും നിവേദനം നൽകുകയും ചെയ്തു. പാർലമെന്റിൽ നിരവധി തവണ ഈ ആവശ്യം ഉന്നയിക്കുകയും കേരളത്തിലെ യു.ഡി.എഫ് എം.പിമാരുടെ കൺവീനർ എന്ന നിലയിൽ യു.ഡി.എഫ് എം.പി മാരുടെ നേതൃത്വത്തിൽ റെയിൽവേ മന്ത്രിമാരെ കാണുകയും ചെയ്തു.



# സ്വപ്ന പദ്ധതിയിലേക്ക് ചിറകുവിരിക്കാൻ എരുമേലി

കേരളത്തിലെ വിമാനയാത്രക്കാരിൽ 33 ശതമാനത്തിലധികവും പത്തനംതിട്ടയുടെ സമീപ പ്രദേശങ്ങളിൽ നിന്നുള്ളവരാണ്. നിർദ്ദിഷ്ഠ എരുമേലി വിമാനത്താവളം അതിനാൽ തന്നെ അടിയന്തിര പരിഗണനയോടെ നടപ്പിലാക്കേണ്ട അനിവാര്യമായ ഒരു പദ്ധതിയാണ്. വർഷംതോറും ശബരിമല ദർശനത്തിന് എത്തുന്ന കോടിക്കണക്കിന് തീർത്ഥാടകർക്ക് ഈ പദ്ധതി വലിയ രീതിയിൽ പ്രയോജനകരമായിരിക്കും. വലിയ വിമാനങ്ങൾ ഇറങ്ങുവാൻ പര്യാപ്തമായ വിധത്തിൽ 1500 മീറ്റർ റൺവേ സൗകര്യത്തോടു കൂടി 2850 ഏക്കർ ഭൂമിയിലാണ് നിർദ്ദിഷ്ഠ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പ്രവാസികൾ ഒട്ടേറെയുള്ള പത്തനംതിട്ടയ്ക്ക് സ്വന്തമായി ഒരു എയർപോർട്ട് എന്ന സ്വപ്നം സാധ്യമാക്കുന്നതിന് നിരവധി ഇടപെടലുകളാണ് എം.പി യായി തെരഞ്ഞെടുക്കപ്പെട്ട നാളുമുതൽ ആന്റോ ആന്റണി നിരന്തരം നടത്തിയത്. ശബരി എയർപോർട്ടിന് എത്രയും വേഗം അനുമതി നൽകണമെന്ന് നിരവധി തവണ പാർലമെന്റിൽ വിഷയം അവതരിപ്പിക്കുകയും ഈ എയർപോർട്ട് യാഥാർത്ഥ്യമാകേണ്ടതിന്റെ പ്രാധാന്യം കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി ജ്യോതി രാദിത്യ സിന്ധ്യയെ കണ്ട് ബോധിപ്പിക്കുകയും ചെയ്തു. അനേകർക്ക് ആശ്രയമാകേണ്ട എരുമേലി വിമാനത്താവളം ഉടനെ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കാമെന്ന് ഉറപ്പു നേടിയെടുക്കുകയും ചെയ്തു.

എയർപോർട്ട് അതോറിറ്റിയുടെ അനുമതി, പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി എന്നിവ ലഭിച്ചു. ഇതിനു ശേഷമാണ് ശബരിമല വിമാനത്താവളത്തിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസ് ലഭിച്ചത്. ഇനി പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി മാത്രമാണ് ലഭിക്കാനുള്ളത്.

2023 ഏപ്രിൽ മൂന്നിന് നടന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിലാണ് നിർണ്ണായകമായ തീരുമാനം നിലവിൽ വന്നത്. തുടർന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം കേരള സംസ്ഥാന സർക്കാരിന്റെ രേഖാമൂലം ഈ തീരുമാനം അറിയിക്കുകയും സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവിറക്കുകയും ചെയ്തു. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ മധ്യതിരുവിതാംകൂറിന്റെ സ്വപ്നമാണ് സാക്ഷാത്ക്കരിക്കപ്പെടുന്നത്. പാർലമെന്റ് സിവിൽ ഏവിയേഷൻ കമ്മിറ്റി അംഗമെന്ന നിലയിൽ എയർപോർട്ടുമായി ബന്ധപ്പെട്ട ഓരോ പ്രവർത്തനങ്ങളിലും കൂടെ നിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നതിൽ അഭിമാനമുണ്ട്.








# പാസ്പോർട്ട് സേവാ കേന്ദ്രം

ഏറ്റവും കൂടുതൽ പ്രവാസികളുള്ള പത്തനംതിട്ട ജില്ലയിൽ 2009 മുതലുള്ള ആന്റോ ആന്റണിയുടെ പരിശ്രമത്തിന്റെ ഫലമാണ് പത്തനംതിട്ട പാസ്പോർട്ട് സേവാ കേന്ദ്രം. വിപുലമായ സൗകര്യങ്ങളോടൊപ്പം പ്രവാസികളുടെ ഏറ്റവും വലിയ ആശ്വാസം കൂടിയാണ് ഈ കേന്ദ്രം യഥാർഥ്യമായതിലൂടെ പത്തനംതിട്ടക്ക് ലഭിച്ചിരിക്കുന്നത്. ഇതിലൂടെ പാസ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസവും ദുരിതങ്ങളും ഇല്ലാതാവുകയും അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കൾക്ക് ജോലി തേടി വിദേശത്തു പോകാനുള്ള എളുപ്പ വഴിയുമാണ് സാധ്യമായിരിക്കുന്നത്.48 മണിക്കൂറിനകം പത്തനംതിട്ടയിൽ നിന്ന് തന്നെ പാസ്പോർട്ട് ലഭിക്കുന്ന ആധുനികവൽക്കരണം യഥാർഥ്യമാക്കി.

# കൊക്കാത്തോട്
## സമ്പൂർണ്ണ ഡിജിറ്റൽ ഗ്രാമം

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ കുടിയേറ്റ കർഷകർ അധിവസിക്കുന്ന കൊക്കാത്തോട് എന്ന ഗ്രാമം സമ്പൂർണ്ണ ഡിജിറ്റൽ കവറേജിലേക്ക് മാറിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി അരുവാപാലം ഗ്രാമ പഞ്ചായത്തിലെ 3,4 വാർഡുകളായ നെല്ലിക്കപ്പാറ, കൊക്കാത്തോട് പ്രദേശങ്ങളിലെ ഏകദേശം 850 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കൊക്കാത്തോട് ഒരേക്കർ കേന്ദ്രീകരിച്ച് ബി.എസ്.എൻ.എൽ മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ചു, ആന്റോ ആന്റണി എം.പിയുടെ നിരന്തര ശ്രമത്തിന്റെ ഫലമാണ് കൊക്കാത്തോട് സമ്പൂർണ്ണ ഡിജിറ്റൽ ഗ്രാമം. ഇവിടെ മുമ്പ് ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ മിനി ടവർ എല്ലാ പ്രദേശങ്ങളിലേക്കും അതിന്റെ പ്രയോജനം ലഭ്യമായിരുന്നില്ല. കോവിഡ് കാലത്തെ ഈ പ്രദേശങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ പഠനം നടത്തുന്നതിന് വേണ്ട സൗകര്യം ഇല്ലാതിരുന്നതോടു കൂടിയാണ് ആന്റോ ആന്റണി എം.പി ടെലിഫോൺ അഡ്വൈസറി കമ്മിറ്റിയിൽ വിഷയം അവതരിപ്പിക്കുകയും തുടർന്ന് ടവർ നിർമ്മാണത്തിനുള്ള അനുമതി നേടിയെടുക്കുകയും ചെയ്തത്. ഇതോടെ കൊക്കാത്തോട് ഗ്രാമം സമ്പൂർണ്ണ ഡിജിറ്റൽ ഗ്രാമമായി മാറുകയായിരുന്നു.






# എഫ് എം സ്റ്റേഷൻ

പത്തനംതിട്ട ജില്ലയുടെ അഭിമാന പദ്ധതിയായ എഫ് എം റേഡിയോ സ്റ്റേഷൻ യഥാർത്ഥ്യമായത് ആന്റോ ആന്റണി എംപി യുടെ നിരന്തര പരിശ്രമം ഒന്നുകൊണ്ടുമാത്രമാണ്. 2021 ഒക്ടോബറിൽ  ഇന്ത്യയിലെ ദൂരദർശന്റെ എല്ലാ റിലെ സെന്ററുകളും (അനലോഗ് ട്രാൻസ്മിറ്റർ) നിർത്തുവാൻ കേന്ദ്ര ഗവണ്മെന്റ് തീരുമാനമെടുത്തിരുന്നു. ഇതേതുടർന്ന് എം.പി എന്ന നിലയിൽ പുതിയ എഫ് എം സ്റ്റേഷൻ ആയി പത്തനംതിട്ട എഫ് എം സ്റ്റേഷൻ അനുവദിക്കണമെന്ന് കേന്ദ്ര വർത്താവിതരണ മന്ത്രാലയത്തിൽ നടത്തിയ സമ്മർദ്ദം കൊണ്ട് പുതിയ എഫ് എം സ്റ്റേഷൻ പത്തനംതിട്ടക്ക് അനുവദിക്കാൻ തീരുമാനമെടുക്കുകയാണ് ഉണ്ടായത്. റേഡിയോ നിലയത്തിലെ കെട്ടിടത്തിന്റെ പുനരുദ്ധാരണം, എഫ് എം ഫ്രീക്വൻസി അനുവദിക്കൽ, ട്രാൻസ്മിറ്ററുകൾ എത്തിക്കൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കൽ വരെയുള്ള കാര്യങ്ങളിൽ പൂർണ്ണമായും ഇടപെട്ടാണ് എഫ് എം റേഡിയോ സ്റ്റേഷൻ യാഥാർഥ്യമായത്. എഫ് എം ഫ്രീക്വൻസി അനുവദിക്കുന്ന കാര്യത്തിലും, ട്രാൻസ്മിറ്ററുകൾ ലഭിക്കുന്ന കാര്യത്തിലും കാലതാമസം നേരിട്ടപ്പോൾ കേന്ദ്ര വർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അനുരാഗ് താക്കൂറിനെ നേരിൽ കണ്ട് നിവേദനം നൽകുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു.

101.0 MHZ ഫ്രീക്വൻസിയിലാണ് പരിപാടികൾ പ്രക്ഷേപണം നടത്തുന്നത്. പ്രക്ഷേപണം നടത്തുന്നതിന്റെ പ്രസരണശേഷി 100 വാട്ട്സ് ആണ്. രാവിലെ 5.30 മുതൽ രാത്രി 11.05 വരെയാണ് പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്യുന്നത്.



വാസ്തവം ബോധ്യപ്പെടുമ്പോൾ



## സമ്പൂർണ്ണ ഡിജിറ്റൽ പദവിയിലേക്ക് പത്തനംതിട്ട പാർലമെന്റ് മണ്ഡലം

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ 20 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾ അനുവദിച്ചതോടെ സമ്പൂർണ്ണ ഡിജിറ്റൽ പാർലമെന്റ് മണ്ഡലമായി പത്തനംതിട്ട മാറുകയാണ്.

- **മാവടി :** തീക്കോയി ഗ്രാമപഞ്ചായത്ത്
- **കുരുശുമല :** തീക്കോയി ഗ്രാമപഞ്ചായത്ത്
- **കല്ലം :** തീക്കോയി ഗ്രാമപഞ്ചായത്ത്
- **വഴിക്കടവ് :** തീക്കോയി ഗ്രാമപഞ്ചായത്ത്
- **ഏയ്ഞ്ചൽവാലി:** എരുമേലി ഗ്രാമപഞ്ചായത്ത്
- **കാളക്കെട്ടി:** അമ്പലം എരുമേലി ഗ്രാമപഞ്ചായത്ത്
- **പുലിക്കുന്ന്:** മുണ്ടക്കയം ഗ്രാമപഞ്ചായത്ത്
- **തണ്ണിമല:** മുണ്ടക്കയം ഗ്രാമപഞ്ചായത്ത്
- **ഞർക്കാട്:** കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്
- **മരോട്ടിചുവട്:** എരുമേലി ഗ്രാമപഞ്ചായത്ത്
- **കരിമാണ്ട:** എസ് സി കോളനി ചിറക്കടവ് ഗ്രാമപഞ്ചായത്ത്
- **ഒരേക്കർ:** അരുവാപുലം ഗ്രാമപഞ്ചായത്ത്
- **ഗവി:** സീതത്തോട് ഗ്രാമപഞ്ചായത്ത്
- **മൂഴിയാർ:** സീതത്തോട് ഗ്രാമപഞ്ചായത്ത്
- **കോട്ടാംപാറ:** അരുവാപുലം ഗ്രാമപഞ്ചായത്ത്
- **കിസുമം:** പെരുനാട് ഗ്രാമപഞ്ചായത്ത്
- **ആവണിപ്പാറ, :**അരുവാപുലം ഗ്രാമപഞ്ചായത്ത്
- **കക്കി :** സീതത്തോട് ഗ്രാമപഞ്ചായത്ത്
- **കുടപ്പന:** ചിറ്റാർ ഗ്രാമപഞ്ചായത്ത്
- **വേലംപ്ലാവ്:** പെരുനാട് ഗ്രാമപഞ്ചായത്ത്

# വികസന കുതിപ്പിൽ പതിനഞ്ച് വർഷം

## എം.പി ഫണ്ട് വിനിയോഗത്തിൽ പത്തനംതിട്ട ലോക്സഭ മണ്ഡലം മുന്നിൽ

കഴിഞ്ഞ 15 വർഷങ്ങളായി പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ വലിയ പുരോഗതിയാണ് ആന്റോ ആന്റണി എം.പി യിലൂടെ നേടിയെടുക്കാൻ സാധിച്ചത്. പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുക വഴി പറഞ്ഞ വാക്കുകൾ ഓരോന്നും യാഥാർത്ഥ്യമാക്കുകയായിരുന്നു ഈ ജനപ്രതിനിധി. ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയമസഭാ മണ്ഡലങ്ങളിലെയും എം.പി ഫണ്ട് വിനിയോഗം തുടർ പേജുകളിൽ....





## എം.പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2009 മുതൽ 2024 വരെ അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ

- റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ
- എന്നിവയുടെ നിർമ്മാണം - 20.24 കോടി
- ആരോഗ്യ കേന്ദ്രങ്ങൾക്കും ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ്
- കെയറുകൾക്കും ആംബുലൻസ് - 3.56 കോടി
- ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ - 9.86 കോടി
- ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ - 3.67 കോടി
- സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് - 1.17 കോടി
- അമിനിറ്റി സെന്റർ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ
- ബാഡ്മിന്റൽ കോർട്ടുകളുടെ നിർമ്മാണം - 1.90 കോടി
- സ്കൂളുകൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ,
- കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് - 2.27 കോടി
- സ്കൂളുകൾക്ക് കെട്ടിടം. ടോയ്ലെറ്റുകൾ, ആഡിറ്റോറിയം,
- ലൈബ്രറികൾ, മഴവെള്ള സംഭരണികൾ, ഗ്രൗണ്ട് നിർമ്മാണം - 4.68 കോടി
- പവലിയൻ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം - 2.70 കോടി
- തിരുവല്ല റെയിൽവേ സ്റ്റേഷനിൽ എസ്കലേറ്റർ നിർമ്മാണം - 1 കോടി
- ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മാണം, കമ്പ്യൂട്ടറുകളും
- അനുബന്ധ ഉപകരണങ്ങളും - 74.80 ലക്ഷം
- ബാർ അസോസിയേഷന് ബുക്കുകൾ വാങ്ങുന്നതിന് - 5 ലക്ഷം
- കുടിവെള്ള പദ്ധതികൾ, കുഴൽ കിണറുകൾ, ട്രാൻസ്ഫോമറുകൾ - 89.47 ലക്ഷം
- കോന്നി കേന്ദ്രീയ വിദ്യാലയ റോഡ് നിർമ്മാണം - 22 ലക്ഷം
- ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, സ്ട്രീററ് ലൈറ്റുകൾ - 74.58 ലക്ഷം
- അഖില തിരുവിതാംകൂർ മലയരയ മഹാസഭയ്ക്ക് ട്രൈബൽ - 30 ലക്ഷം
- റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം
- വെന്റിലേറ്റർ, പി.പി.ഇ കിറ്റുകൾ, പൾസ് ഓക്സീമീറ്റർ - 35 ലക്ഷം
- ആരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണം, ഡയാലിസിസ് സെന്റർ - 55.92 ലക്ഷം
- കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - 96.35 ലക്ഷം
- അംഗൻവാടി കെട്ടിട നിർമ്മാണം - 98.64 ലക്ഷം
- വൈദ്യുത പദ്ധതികൾ - 38.76 ലക്ഷം
- ഇതരവികസന പ്രവർത്തനങ്ങൾ - 1.80 കോടി



# വെളിച്ചമേകി ആന്റോ

മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന അനവധി പൊതുവിടങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും, ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക വഴി ഉൾഗ്രാമ പ്രദേശങ്ങളിലേക്ക് വരെ വെളിച്ചമെത്തിക്കാനും ആന്റോ ആന്റണി എം.പി നടപ്പിലാക്കിയ വിപ്ലവകരമായ ഈ പദ്ധതിയിലൂടെ സാധിച്ചു.

2009 മുതൽ 2024 വരെയുള്ള കഴിഞ്ഞ 15 വർഷക്കാലയളവിൽ 9 കോടി 85 ലക്ഷം രൂപയാണ് എം.പി ഫണ്ടിൽ നിന്നും ഈ പദ്ധതിയ്ക്കായി ചിലവഴിച്ചത്.





## 2019-2024 വർഷം എം.പി ഫണ്ടിൽ ഉൾപ്പെടുത്തി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ

- റാന്നി നിയോജക മണ്ഡലത്തിൽ 22 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. - 55 ലക്ഷം
- ആലപ്പാട്ട് കവലയിൽ ഒരു എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് - 4 ലക്ഷം
- അടൂർ നിയോജക മണ്ഡലത്തിൽ 22 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 55 ലക്ഷം
- തോട്ടുവാ-ഭരണിക്കാവ് ദേവീക്ഷേത്രത്തിനടുത്ത് ഒരു ഹൈമാസ്റ്റ് ലൈറ്റ് - 4 ലക്ഷം
- തിരുവല്ല നിയോജക മണ്ഡലത്തിൽ 25 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 62.5 ലക്ഷം
- നാല് എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റുകൾ - 16 ലക്ഷം
- ആറന്മുള നിയോജക മണ്ഡലത്തിൽ 35 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 87.5 ലക്ഷം
- എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റുകൾ - 52 ലക്ഷം
- കോന്നി നിയോജക മണ്ഡലത്തിൽ 47 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 117.5 ലക്ഷം
- പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 7 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 17.5 ലക്ഷം
- എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റുകൾ - 18.5 ലക്ഷം
- കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ 9 എൽ.ഇ.ഡി മിനിമാസ്റ്റ് ലൈറ്റുകൾ - 22.5 ലക്ഷം
- എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റുകൾ - 16 ലക്ഷം








# തണലായ് ആന്റോ

റോഡുകളും പാലങ്ങളുമടങ്ങുന്ന പ്രാഥമിക വികസന പ്രവർത്തനത്തോടൊപ്പം ബസ് യാത്രക്കാർക്ക് ഏറെ ആശ്വാസകരമാണ് ആന്റോ ആന്റണി എം.പിയുടെ ഫണ്ടിൽ നിന്നും ചിലവഴിച്ച് നിർമ്മിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ. നഗരങ്ങളിലെന്ന പോലെ നിരവധി ഗ്രാമ പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി അതതു പ്രദേശത്തെ ആവശ്യം മുൻ നിർത്തിയാണ് ആന്റോ ആന്റണി എം,പിയുടെ ഫണ്ടിൽ നിന്നും തുക ചിലവഴിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 2019-2024 വർഷങ്ങളിൽ മാത്രമായി 3 കോടി 67 ലക്ഷം രൂപ ചിലവഴിച്ച് 62 ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളാണ് നിർമ്മാണം പൂർത്തീകരിച്ചത്.

### നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ വിവരങ്ങൾ :

| | |
|---|---|
| **റാന്നി :** | **10** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **തിരുവല്ല :** | **6** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **അടൂർ :** | **3** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **ആറന്മുള :** | **9** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **കോന്നി :** | **15** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **പൂഞ്ഞാർ :** | **3** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |
| **കാഞ്ഞിരപ്പള്ളി :** | **16** ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ |



# ആതുര മേഖലയ്ക്ക് ആദരവോടെ ആന്റോ ആന്റണി

പത്തനംതിട്ടയുടെ ആരോഗ്യ രംഗത്ത് ഒരു കരുതലായി ആന്റോ ആന്റണി എം.പി എന്നും കൂടെയുണ്ടായിട്ടുണ്ട്. നിരവധി പദ്ധതികളാണ് അദ്ദേഹം ഈ മേഖലയിൽ പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ നടപ്പിൽ വരുത്തിയത്. കോവിഡ് മഹാമാരി സമയത്തും പ്രളയ സമയത്തും ജില്ലയിലെ ആതുര മേഖലയ്ക്ക് എം.പിയുടെ കൈത്താങ്ങ് കരുത്തും ആശ്വാസവുമായിരുന്നു.





## ആതുരാലയങ്ങൾക്ക് ആംബുലൻസ് 3.56 കോടി

കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികൾക്ക് മുന്നിൽ നാട് വിറങ്ങലിച്ചു നിന്നപ്പോൾ പത്തനംതിട്ടയുടെ ആതുര മേഖലയിൽ ആന്റോ ആന്റണി എം.പി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്കും ഗ്രാമ പഞ്ചായത്ത്, പാലിയേറ്റീവ് കെയറുകൾക്കുമായി ഇരുപത്തെട്ട് ആംബുലൻസുകളാണ് 3.56 കോടി രൂപ ചിലഴിച്ച് എം,പി ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയത്.

1. പത്തനംതിട്ട ജനറൽ ആശുപത്രി
2. അടൂർ ജനറൽ ആശുപത്രി
3. കോഴഞ്ചേരി ജില്ലാ ആശുപത്രി
4. തിരുവല്ല താലൂക്ക് ആശുപത്രി
5. കോന്നി ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
6. തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
7. ഏനാദിമംഗലം പ്രൈമറി ഹെൽത്ത് സെന്റർ
8. ഓമല്ലൂർ ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
9. ആറന്മുള ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
10. തുമ്പമൺ ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
11. കൊയിപ്രം പ്രൈമറി ഹെൽത്ത് സെന്റർ
12. റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
13. വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
14. നാറാണമൂഴി പ്രൈമറി ഹെൽത്ത് സെന്റർ
15. കൊടുമൺ പ്രൈമറി ഹെൽത്ത് സെന്റർ
16. ചിറ്റാർ പ്രൈമറി ഹെൽത്ത് സെന്റർ
17. കടപ്ര ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
18. മല്ലപള്ളി ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
19. നിരണം ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
20. റാന്നി ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
21. നാരങ്ങാനം ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
22. ഈരാറ്റുപേട്ട മുനിസിപാലിറ്റി പാലിയേറ്റീവ് കെയർ
23. നെടുങ്കുന്നം ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
24. പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
25. കാഞ്ഞിരപ്പള്ളി ജനറൽ ഹോസ്പിററൽ
26. പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
27. തീക്കോയ് ഗ്രാമ പഞ്ചായത്ത് പാലിയേറ്റീവ് കെയർ
28. ആനിക്കാട് ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ



## ദേശീയ ആരോഗ്യമിഷൻ (എൻ.എച്ച്.എം) 267.74 കോടി

ദേശീയ ആരോഗ്യമിഷന്റെ കീഴിൽ 267.74 കോടി രൂപയുടെ നിരവധി പദ്ധതികളാണ് പാർലമെന്റ് മണ്ഡലത്തിൽ 2009 മുതൽ 2024 വരെ നടപ്പിലാക്കിയത്.

പ്രത്യുല്പാദനം, ശിശു ആരോഗ്യം, പ്രതിരോധ കുത്തിവെയ്പ്പ്, കുഷ്ഠരോഗ നിർമ്മാർജ്ജനം, അന്ധതാ നിയന്ത്രണം, പ്രായമായവരുടെ ആരോഗ്യ സംരക്ഷണം, ക്യാൻസർ, ഡയാലിസിസ്, സ്ട്രോക്ക്, മാനസിക ആരോഗ്യ സംരക്ഷണ പുകയില നിയന്ത്രണം തുടങ്ങി നിരവധി പദ്ധതികളാണ് പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ ഓരോ വർഷവും നടപ്പിലാക്കിയത്.

അതോടൊപ്പം 2020 മുതൽ കോവിഡ് പോലുള്ള മാരകമായ വൈറസ് രോഗങ്ങൾ നിയന്ത്രിക്കാനും പ്രതിരോധിക്കാനും വേണ്ടിയുള്ള പദ്ധതികളും ദേശീയ ആരോഗ്യ മിഷനിലൂടെ നടപ്പിലാക്കി. എന്നാൽ 2020 ന് ശേഷം ദേശീയ ആരോഗ്യമിഷന്റെ കീഴിൽ ആരോഗ്യകിരണം, ആശാ ഓണറേറിയം, ആർദ്രം പദ്ധതി, കോവിഡ് റിസ്ക് അലവൻസ് തുടങ്ങിയവയും പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പ്രോഗ്രാം, ദേശീയ ഓറൽ ഹെൽത്ത്, പാലിയേറ്റീവ് കെയർ എന്നീ പ്രോഗ്രാമുകളും നടത്തി.

## പ്രധാനമന്ത്രിയുടെ ചികിത്സാ സഹായനിധി (585 പേർക്ക്) - 620.05 ലക്ഷം

ഇക്കഴിഞ്ഞ 15 വർഷക്കാലയളവിൽ പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ 585 പേർക്ക് 620.05 ലക്ഷം രൂപയാണ് ചികിത്സാ സഹായമായി അനുവദിച്ചു നൽകിയത്. ക്യാൻസർ,ഹൃദയം, കരൾ, വൃക്ക എന്നിവ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായാണ് പ്രധാനമന്ത്രിയുടെ ധനസഹായം ലഭിക്കുന്നത്.

## കോവിഡ് കാലത്തെ **കൈത്താങ്ങ്**

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിലെ എല്ലാ സർക്കാർ ആശുപത്രികൾക്കും മറ്റുമായി നൂറിലധികം ഓക്സിജൻ കോൺസൻട്രേറ്റുകളും, ആയിരത്തിലധികം പൾസ് ഓക്സിമീറ്ററുകളും, മാസ്കുകളും, സാനിറ്റൈസറുകളും, പി.പി.ഇ കിറ്റുകളും, ഐ.സി.യു ബെഡുകളും നൽകി. പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് വെന്റിലേറ്റർ, കോവിഡ് ടെസ്റ്റ് കിറ്റുകൾ എന്നിവയും ആന്റോ ആന്റണിയുടെ സംഭാവനകളായിരുന്നു.









## PM-ABHIM പദ്ധതിയിൽ പത്തനംതിട്ട ജനറൽ ആശുപത്രിക്ക് (ക്രിട്ടിക്കൽ കെയർ യൂണിറ്റ്) - 23.75 കോടി

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പി.എം ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസട്രക്ച്ചർ മിഷൻ (PM-ABHIM ) പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജനറൽ ആശുപത്രിക്ക് ക്രിട്ടിക്കൽ കെയർ യൂണിറ്റ് നിർമ്മാണത്തിന് 23.75 കോടി രൂപ അനുവദിച്ചു. സർക്കാർ ആശുപത്രികളിലെ ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു നൽകുന്ന തുകയാണിത്. 100 ശതമാനം കേന്ദ്ര ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

# ഇടപെടലുകൾ തീരുമാനങ്ങൾ






സംസ്ഥാനത്തെ വിവിധ വിഷയങ്ങൾക്ക് പുറമേ ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളിലും ആന്റോ ആന്റണി ഫലപ്രദമായ ഇടപെടലുകളാണ് നടത്തിയത്. മുൻ വർഷങ്ങളിൽ ലോക്സഭയിൽ നടത്തിയ ഇടപെടലുകളെ തുടർന്ന് പാൻ മസാല നിരോധനം, നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്ക്കരണം, റബ്ബർ വില സ്ഥിരത സംബന്ധിച്ചുണ്ടായ അനുകൂല തീരുമാനം എന്നിങ്ങനെ നിരവധി നടപടികൾക്ക് കാരണമായിട്ടുണ്ട്. ഏറ്റവും ഒടുവിൽ കോവിഡ് വിഷയത്തിൽ പാർലമെന്റിനകത്തും പത്തനംതിട്ട മണ്ഡലത്തിലും അദ്ദേഹത്തിന്റെ ഇടപെടലുകൾ ഏറെ ശ്രദ്ധ ആകർഷിക്കപ്പെടുകയും ചെയ്തു.

## നഴ്സുമാരുടെ പ്രശ്നം ആന്റോ ആന്റണി എം.പിയുടെ ഇടപെടൽ ശ്രദ്ധേയം

നഴ്സിംഗ് മേഖലയിലെ ബോണ്ട് നിർത്തലാക്കണമെന്നും ചൂഷണം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ആന്റോ ആന്റണി ലോക്സഭയിൽ അവതരിപ്പിച്ച സ്വകാര്യ ബിൽ ശ്രദ്ധേയമായി. നേഴ്സിംഗ് വിദ്യാർത്ഥികളുടെയും നഴ്സുമാരുടെയും സർട്ടിഫിക്കറ്റുകൾ സ്ഥാപനങ്ങൾ പിടിച്ചു വയ്ക്കുന്നതിനെതിരെയും നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുമുള്ള വ്യവസ്ഥകളാണ് ബില്ലിൽ അടങ്ങിയത്. നഴ്സിംഗ് സ്ഥാപന അധികൃതരുടെ മാനസിക പീഡനം മൂലം നഴ്സുമാരും വിദ്യാർത്ഥികളും ആത്മഹത്യ ചെയ്താൽ അർഹമായ നഷ്ടപരിഹാരം നൽകാനും സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കാനും ബില്ലിൽ നിർദ്ദേശം ഉണ്ട്. കുറ്റക്കാർക്ക് 2 വർഷം വരെ തടവിനും 10 വർഷം വരെ പിഴയ്ക്കും ബില്ലിൽ വ്യവസ്ഥയുണ്ട്.

നഴ്സുമാരുടെ ജോലി സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിയമ നിർമ്മാണം നടത്തണമെന്നും അവരുടെ പൊതു പ്രശ്നത്തിന് പരിഹാരം കാണണമെന്നും ആന്റോ ആന്റണി ലോക്സഭയിൽ ആവശ്യം ഉന്നയിച്ചിരുന്നു. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിലെ ലോക്സഭ അംഗങ്ങളുടെ പ്രതിനിധി ആയിരുന്നു ആന്റോ ആന്റണി. നേഴ്സുമാരുടെ പ്രശ്നത്തിൽ സജീവ ഇടപെടൽ നടത്തുവാനും അവരുടെ ദുരിത ജീവിതം സർക്കാരിന്റെയും ഐ.എൻ.സിയുടെയും പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹാരം കാണുവാനും അദ്ദേഹത്തിന് സാധിച്ചു.





## നഴ്സുമാരുടെ സമരത്തിന് പിന്തുണ

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നഴ്സുമാർ സമരത്തിനിറങ്ങിയപ്പോൾ പ്രശ്നത്തിന് കേന്ദ്ര സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് ലോക്സഭയിൽ ആന്റോ ആന്റണി നടത്തിയ പ്രസംഗം ഏറെ ശ്രദ്ധേയമാണ്. 'തങ്ങളുടെ മൗലികാവകാശങ്ങൾ പോലും ലംഘിക്കുന്ന വിധത്തിൽ ആശുപത്രി അധികൃതരുടെ ചൂഷണം വ്യാപകമായപ്പോഴാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നഴ്സുമാർ സമരത്തിനിറങ്ങിയത്. സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പുതുക്കണമെന്ന അവരുടെ ആവശ്യം ന്യായമാണ്. ഒരു സമയം ഒരു നേഴ്സ് 12 രോഗികളെ വരെയാണ് ഒരേ സമയം പരിചരിക്കുന്നത്. ഇത് നഴ്സുമാരുടെ ജോലി ഭാരവും മാനസിക സമ്മർദ്ദവും വർദ്ധിപ്പിക്കുന്നു. ലാഭക്കൊതി മൂലം ആവശ്യത്തിന് നഴ്സുമാരെ നിയമിക്കാൻ ആശുപത്രി അധികൃതർ മടിക്കുന്നു.' ഇങ്ങനെ പോകുന്നു ആന്റോ ആന്റണിയുടെ നഴ്സുമാരുടെ സമരത്തിന് പിന്തുണ അറിയിച്ചുള്ള പാർലമെന്റ് പ്രസംഗം.

## രാജ്യത്തെ നഴ്സിംഗ് സമൂഹത്തിന്റെ ശബ്ദമായി മാറിയ ജനപ്രതിനിധി

നഴ്സിംഗ് രംഗത്തെ ആധുനിക സമര മുന്നേറ്റങ്ങളുടെ മാതാവ് എന്ന് വിശേഷിപ്പിക്കാവുന്ന ഡൽഹി ബത്ര ആശുപത്രിയിൽ 2009 ൽ നടന്ന ഐതിഹാസിക സമരത്തിന്റെ നേതൃനിരയിൽ നിന്ന് പ്രവർത്തിക്കുന്ന സമയത്താണ് ശ്രീ.ആന്റോ ആന്റണി എം.പി യെ ഞാൻ ആദ്യമായി നേരിൽ കാണുന്നതും പരിചയപ്പെടുന്നതും. അന്നുമുതലിങ്ങോട്ട് അദ്ദേഹം നഴ്സിംഗ് സമൂഹത്തിന് വേണ്ടി നടത്തിയ സ്തുത്യർഹമായ സേവനങ്ങൾ എനിക്ക് വ്യക്തമായി അറിവുള്ളതാണ്.

ഇന്ത്യയിലെ നഴ്സുമാരുടെ ശാപമായി നിലനിന്നിരുന്ന നിർബന്ധിത ബോണ്ട് സമ്പ്രദായത്തിന് അന്ത്യം കുറിക്കുന്നതിന് ഒരു നിർണ്ണായകമായ പങ്കു വഹിക്കാൻ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിൽ അംഗമായിരിക്കെ ശ്രീ ആന്റോ ആന്റണി എം.പിക്ക് കഴിഞ്ഞു. മാത്രമല്ല രാജ്യത്തെ നഴ്സിംഗ് കോഴ്സുകൾക്ക് ഏകീകൃത ഫീസ് ഘടന, മുഴുവൻ നഴ്സുമാർക്കും ബയോമെട്രിക്ക് ഐ.ഡി കാർഡുകൾ എന്നീ സുപ്രധാന വിഷയങ്ങളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിനെ കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാനും അദ്ദേഹത്തിന് സാധിച്ചു.

അന്തർദേശീയ നഴ്സസ് കൗൺസിലിൽ ഇന്ത്യയിൽ അംഗമാകണമെന്ന് 2011 മാർച്ച് ഒന്നിന് ശ്രീ ആന്റോ ആന്റണി എം.പി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. രാജ്യത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി എം.പി യായ കാലം മുതൽ പാർലമെന്റിനകത്തും പുറത്തും അദ്ദേഹം നിരന്തരമായി ശബ്ദിച്ചു കൊണ്ടിരിന്നു. കേരളത്തിൽ നിലനിന്നിരുന്ന നിർബന്ധിത ഇന്റേൺഷിപ്പ് നിർത്തലാക്കുന്നതിനും നിർണ്ണായക പങ്കു വഹിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

2011 ലെ പാർലമെന്റ് ശീതകാല സമ്മേളനത്തോടനുബന്ധിച്ച് ഞങ്ങൾ ഇന്ത്യൻ പ്രൊഫഷണൽ നഴ്സസ് അസോസിയേഷൻ നടത്തിയ പാർലമെന്റ് മാർച്ച് എന്റെ ഓർമ്മയിൽ എത്തുകയാണ്. നഴ്സസ് സമൂഹം നേരിടുന്ന അവഗണനയ്ക്കും ചൂഷണത്തിനുമെതിരെ മെഴുകുതിരി തെളിയിച്ചു കൊണ്ട് നഴ്സുമാർ നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ ആന്റോ ആന്റണി എം.പി നടത്തിയ ആവേശോജ്ജ്വലമായ പ്രസംഗവും ബത്ര ആശുപത്രി സമരവും ഉൾപ്പെടെ അദ്ദേഹം നടത്തി വരുന്ന നിർലോഭമായ പിന്തുണയും ഇന്നും ഞങ്ങൾ നഴ്സിംഗ് സമൂഹത്തിന്റെ അവകാശപോരാട്ടങ്ങൾക്ക് കരുത്ത് പകരുന്നു. ഇന്ത്യയിലെ നഴ്സിംഗ് സമൂഹം എന്നും ഈ ജനപ്രതിനിധിയോട് കടപ്പാട് ഉള്ളവരായിരിക്കും.

**സിജു തോമസ്**

ജോയിന്റ് സെക്രട്ടറി
ഇന്ത്യൻ പ്രൊഫഷണൽ നഴ്സസ് അസ്സോസിയേഷൻ

# പാൻമസാലയ്ക്കും ഗുഡ്കയ്ക്കുമെതിരെ ലോക്സഭയിൽ

ആരോഗ്യത്തിന് ഭീഷണിയായ പാൻമസാലയും ഗുഡ്കയും ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ നിരോധിക്കണമെന്ന ആവശ്യം നിരവധി തവണയാണ് ലോക്സഭയിൽ ഉന്നയിച്ചത്. ലോകത്ത് റിപ്പോർട്ട് ചെയ്യുന്ന വായിലെ അർബുദ രോഗത്തിന്റെ 80 ശതമാനവും ഇന്ത്യയിലാണ്. ഇതിൽ 90 ശതമാനം വായിലെ അർബുദ ബാധയ്ക്കും കാരണമാകുന്നത് പാൻ മസാലയുടെയും ഗുഡ്കയുടെയും ഉപയോഗമാണെന്ന് റീജിയണൽ ക്യാൻസർ സെന്ററുകളുടെ പഠന റിപ്പോർട്ടും പാർലമെന്റിൽ അവതരിപ്പിച്ചു. രോഗികളിൽ നല്ല ശതമാനം പാൻമസാലയും ഗുഡ്കയും ഉപയോഗിച്ച കൗമാര പ്രായക്കാരാണ്. ഏകദേശം 22 കോടി ആളുകൾ പാൻമസാലയും ഗുഡ്കയും ഉപയോഗിക്കുന്നവരാണ്. നിലവിലുള്ള നിയമം ഭേദഗതി ചെയ്ത് കർശനമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

ആന്റോ ആന്റണിയുടെ നിരന്തരമായ ഇടപെടലുകളെ തുടർന്നാണ് പാൻമസാലയും ഗുഡ്കയും ലഹരി കലർന്ന ഭക്ഷ്യവസ്തുക്കളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത്. ഇന്ന് 29 സംസ്ഥാനങ്ങളിൽ ഈ നിയമം അനുസരിച്ച് പാൻമസാല നിരോധനം യാഥാർത്ഥ്യമാകുമ്പോൾ ആന്റോ ആന്റണി എം.പിയ്ക്ക് അഭിമാനിക്കാൻ ഏറെയുണ്ട്.

## പാൻമസാലയ്ക്കെതിരെ നിരന്തര പോരാട്ടം

ലോകത്തിലെ ഓറൽ ക്യാൻസറിന്റെ 85 ശതമാനവും ഇന്ത്യയിലാണ്. ഇന്ത്യയിലെ 90 ശതമാനവും പാൻമസാലയും ഗുഡ്കയും ഉപയോഗിക്കുന്നത് കൊണ്ടാണ്. ഈ കണ്ടെത്തൽ നടത്തിയത് ഇന്ത്യയിലെ 21 റീജിയണൽ ക്യാൻസർ സെന്ററുകളാണ്. യു.എൻ.ന്റെ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടും സമാനമായതാണ്.

ഇന്ത്യയിലെ മുഴുവൻ പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും പാൻമസാലയുടെ പരസ്യം കൊണ്ട് നിറഞ്ഞു നിന്ന കാലഘട്ടം ഉണ്ടായിരുന്നു. 22 കോടി ആളുകളാണ് ദിനംപ്രതി പാൻമസാലയും ഗുഡ്കയും ഉപയോഗിച്ചിരുന്നത്. ഇന്ത്യൻ പാർലമെന്റിൽ പാൻമസാലയും ഗുഡ്കയും നിരോധിക്കണമെന്നാവശ്യക്കൊണ്ട് നിരന്തരമായി പോരാടിയ ഒരേയൊരു ജനപ്രതിനിധിയെയുള്ളു അത് ആന്റോ ആന്റണി എം.പി യാണ്.



നിരന്തരമായ പോരാട്ടത്തിനൊടുവിൽ പാൻമസാലയും ഗുഡ്കയും കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് ലഹരി കലർന്ന ഭക്ഷ്യവസ്തുക്കളുടെ കാറ്റഗറിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ഇറക്കുവാൻ ആന്റോ ആന്റണിയ്ക്ക് കഴിഞ്ഞു. ലഹരി കലർന്ന ഭക്ഷ്യ വസ്തുക്കൾ നിരോധിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കുണ്ട്. 2011 ൽ കേന്ദ്ര ഗവൺമെന്റ് ഈ തീരുമാനം കൈകൊണ്ടപ്പോൾ ആദ്യം പാൻമസാലയും ഗുഡ്കയും നിരോധിച്ചത് അന്നത്തെ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയായിരുന്നു. ഇന്ന് ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും പാൻമസാല നിരോധിച്ചിരിക്കുന്നു.

22 കോടി ആളുകളെ മരണത്തിന്റെ പാതയിൽ നിന്നും ജീവിതത്തിലേക്ക് കൈപ്പിടിച്ചുയർത്താൻ ഈ തീരുമാനത്തിന് കഴിഞ്ഞു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നിരന്തരമായി പ്രവർത്തിക്കുന്ന എന്നെ പോലുള്ളവർക്ക് ഏറെ പ്രയോജനം പകർന്ന പ്രവർത്തനമാണ് ആന്റോ ആന്റണിയുടേത്..

**ഡോ. ഫെലിക്സ് ജോൺസ്**
Professor & HOD Community Medicine
Pushpagiri Medical College, Thiruvalla
(Author of 4 books against Adiction & Award winner
from Anti Narcotic Action Centre of India)







# സമ്പൂർണ്ണ കുടിവെള്ള പദ്ധതി

## ജൽജീവൻ മിഷൻ 3669.19 കോടി

എല്ലാ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. യുപിഎ സർക്കാരിന്റെ കാലത്ത് ഡോ. മൻമോഹൻസിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ തുടങ്ങിവച്ച പദ്ധതിയാണിത്.

ഈ പദ്ധതിയിൽ 45 ശതമാനം തുക കേന്ദ്ര ഗവൺമെന്റും 30 ശതമാനം സംസ്ഥാന ഗവൺമെന്റും 15 ശതമാനം ഗ്രാമപഞ്ചായത്തുകളും 10 ശതമാനം ഗുണഭോക്താക്കളും ചേർന്നാണ് ചിലവിടുന്നത്. പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിലെ 71 ഗ്രാമപഞ്ചായത്തുകളിലായി 3669.19 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്,

മുനിസിപ്പാലിറ്റികളിൽ ഈ പദ്ധതി അമൃത് പദ്ധതി എന്നാണറിയപ്പെടുന്നത്. പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിലെ 5 മുനിസിപ്പാലിറ്റികളിലായി 79.83 കോടി രൂപയുടെ പദ്ധതികളാണ് നിലവിൽ നടന്നുവരുന്നത്.

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിന് കീഴിൽ വരുന്ന മുഴുവൻ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുക എന്ന വലിയൊരു സ്വപ്നം ഇതോടുകൂടി യാഥാർത്ഥ്യമാകുകയാണ്.

## ഓരോ ഗ്രാമപഞ്ചായത്തിലും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| | | | | | |
|---|---|---|---|---|---|
| ഇലന്തൂർ | - | 38.25 കോടി | കോന്നി | - | 44.31 കോടി |
| ഓമല്ലൂർ | - | 66.63 കോടി | തണ്ണിത്തോട് | - | 18.05 കോടി |
| ചെന്നീർക്കര | - | 62.2 കോടി | മലയാലപ്പുഴ | - | 64.06 കോടി |
| ചെറുകോൽ | - | 40 കോടി | വള്ളിക്കോട് | - | 18.06 കോടി |
| കോഴഞ്ചേരി | - | 29.25 കോടി | മൈലപ്ര | - | 37.12 കോടി |
| മല്ലപ്പുഴശ്ശേരി | - | 24.99 കോടി | തുമ്പമൺ | - | 5.5 കോടി |
| നാരങ്ങാനം | - | 38.86 കോടി | പന്തളം തെക്കേക്കര | - | 29.09 കോടി |
| അയിരൂർ | - | 14.21 കോടി | കുളനട | - | 92.63 കോടി |
| ഇരവിപേരൂർ | - | 51.40 കോടി | ആറന്മുള | - | 104.59 കോടി |
| കോയിപ്രം | - | 70.95 കോടി | മെഴുവേലി | - | 66.09 കോടി |
| തോട്ടപ്പുഴശ്ശേരി | - | 32.19 കോടി | ഏനാദിമംഗലം | - | 111.62 കോടി |
| എഴുമറ്റൂർ | - | 47.26 കോടി | ഏറത്ത് | - | 94.95 കോടി |
| പുറമറ്റം | - | 39 കോടി | കലഞ്ഞൂർ | - | 86.51 കോടി |
| ആനിക്കാട് | - | 45.70 കോടി | ഏഴംകുളം | - | 129 കോടി |
| കവിയൂർ | - | 4 കോടി | കടമ്പനാട് | - | 46.64 കോടി |
| കൊറ്റനാട് | - | 53.30 കോടി | കൊടുമൺ | - | 27.50 കോടി |
| കല്ലൂപ്പാറ | - | 24.75 കോടി | പള്ളിക്കൽ | - | 106.69 കോടി |
| കൊട്ടാങ്ങൽ | - | 62.93 കോടി | കാഞ്ഞിരപ്പള്ളി | - | 79.12 കോടി |
| കുന്നന്താനം | - | 29.83 കോടി | എരുമേലി | - | 108.20 കോടി |
| മല്ലപ്പള്ളി | - | 44.45 കോടി | മണിമല | - | 10.84 കോടി |
| കടപ്ര | - | 36.44 കോടി | പാറത്തോട് | - | 65 കോടി |
| കുറ്റൂർ | - | 35.48 കോടി | മുണ്ടക്കയം | - | 187.97 കോടി |
| നിരണം | - | 5.78 കോടി | കൂട്ടിക്കൽ | - | 148.74 കോടി |
| നെടുമ്പ്രം | - | 2.5 കോടി | കോരുത്തോട് | - | 96.67 കോടി |
| പെരിങ്ങര | - | 34.73 കോടി | തീക്കോയി | - | 97.95 കോടി |
| റാന്നി | - | 58.81 കോടി | പൂഞ്ഞാർ | - | 86.81 കോടി |
| റാന്നി അങ്ങാടി | - | 30.16 കോടി | പൂഞ്ഞാർ തെക്കേക്കര | - | 101 കോടി |
| റാന്നി പഴവങ്ങാടി | - | 61.09 കോടി | തിടനാട് | - | 111.69 കോടി |
| റാന്നി പെരുനാട് | - | 22.81 കോടി | ചിറക്കടവ് | - | 44.45 കോടി |
| വടശ്ശേരിക്കര | - | 74.77 കോടി | കങ്ങഴ | - | 77.59 ലക്ഷം |
| വെച്ചൂച്ചിറ | - | 58.89 കോടി | നെടുംകുന്നം | - | 87.29 ലക്ഷം |
| ചിറ്റാർ | - | 41.69 കോടി | വെള്ളാവൂർ | - | 12.55 കോടി |
| സീതത്തോട് | - | 198 കോടി | വാഴൂർ | - | 8.54 കോടി |
| നാറാണമ്മൂഴി | - | 24.5 കോടി | കറുകച്ചാൽ | - | 71.65 ലക്ഷം |
| അരുവാപ്പുലം | - | 44.31 കോടി | പള്ളിക്കത്തോട് | - | 17.84 കോടി |
| പ്രമാടം | - | 112 കോടി | | | |








### അമൃത് പദ്ധതി (മുനിസിപ്പാലിറ്റികൾ- 79.83 കോടി)

- പത്തനംതിട്ട മുനിസിപ്പാലിറ്റി - 18.59 കോടി
- അടൂർ മുനിസിപ്പാലിറ്റി - 10 കോടി
- തിരുവല്ല മുനിസിപ്പാലിറ്റി - 14.5 കോടി
- പന്തളം മുനിസിപ്പാലിറ്റി - 11.74 കോടി
- ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി - 25 കോടി
- ശബരിമല പമ്പയിൽ കുടിവെള്ള പരിശോധന ലാബ്- 30 ലക്ഷം രൂപ

### രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം 12 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കി.

### NRDWP (ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി)

ഈ പദ്ധതി പ്രകാരം നിരവധി കുടിവെള്ള പദ്ധതികളാണ് പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയത്.

- ഇലന്തൂർ മല്ലപ്പുഴശ്ശേരി കുടിവെള്ള പദ്ധതി - 9.25 കോടി
- കോഴഞ്ചേരി കുടിവെള്ള പദ്ധതി - 9.5 കോടി
- അയിരൂർ കാഞ്ഞീറ്റുകര കുടിവെള്ള പദ്ധതി - 14 കോടി
- ഏഴുമറ്റൂർ കുടിവെള്ള പദ്ധതി - 5.91 കോടി
- കൊല്ലമുള വെച്ചൂച്ചിറ പെരുനാട് സംയുക്ത പദ്ധതി - 8 കോടി
- പന്തളം കുടിവെള്ള പദ്ധതി - 7 കോടി
- നെടുമ്പ്രം, നിരണം പെരിങ്ങര പദ്ധതി - 47 കോടി
- റാന്നി പഴവങ്ങാടി വടശ്ശേരിക്കര കുടിവെള്ള പദ്ധതി - 14.589 കോടി
- സീതത്തോട് നിലയ്ക്കൽ ഏരിയ കുടിവെള്ള പദ്ധതി - 12.909 കോടി
- കോന്നി മെഡിക്കൽ കോളേജ് കുടിവെള്ള പദ്ധതി - 13.98 കോടി
- മല്ലപ്പള്ളി ആനിക്കാട് കുടിവെള്ള പദ്ധതി - 7.98 കോടി
- കാഞ്ഞിരപ്പള്ളി എലിക്കുളം ചിറക്കടവ് കുടിവെള്ള പദ്ധതി - 14.80 കോടി
- എരുമേലി കുടിവെള്ള പദ്ധതി - 5.58 കോടി

# കർഷക മനസ്സറിഞ്ഞ്
# കർഷകർക്കൊപ്പം



വാസ്തവം ബോദ്ധ്യപ്പെടുമ്പോൾ

കാർഷിക മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കുന്ന നിലപാടുകളാണ് കേന്ദ്ര സംസ്ഥാന സർക്കാർ കഴിഞ്ഞ ഏതാനും നാളുകളായി കൈക്കൊള്ളുന്നത്. എന്നാൽ പത്തനംതിട്ടയുടെ കാർഷിക മനസ്സറിഞ്ഞ് അവരോടൊപ്പം കൂടെ നിന്ന് പ്രവർത്തിക്കുകയാണ് ഈ പ്രതിസന്ധിയിലും.


## റബ്ബർ കർഷർക്ക് വേണ്ടി ലോക്സഭയിൽ

റബ്ബർ കർഷകർ അനുഭവിക്കുന്ന മറ്റൊരു പ്രശ്നമാണ് ചിരട്ടപ്പാൽ റബ്ബറിന് ബി.ഐ.എസ് നൽകാനുള്ള കേന്ദ്ര നീക്കം. ഈ നീക്കം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ആന്റോ ആന്റണി എം.പി ലോക്സഭയിൽ അടിയന്തിര പ്രമേയത്തിൽ നോട്ടീസ് നൽകുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു. നിലവിൽ ചിരട്ടപ്പാൽ ബി.ഐ.എസിൽ പുറത്തായതിനാൽ ഇന്ത്യയിൽ ഇറക്കുമതിയ്ക്ക് അനുമതിയില്ല. എന്നാൽ ബി.ഐ.എസ് നൽകാനുള്ള പുതിയ നീക്കത്തിലൂടെ അനിയന്ത്രിതമായ ഇക്കുമതിക്ക് വഴി വെക്കുകയും അത് കേരളത്തിലെ റബ്ബർ കർഷകരെ ഗുരുതരമായി ബാധിക്കുകയും ചെയ്തു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വാഭാവിക റബ്ബർ ഉത്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമായതിനാൽ റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നതും കേരളത്തെയാണ്.

## വന്യജീവികളുടെ ആക്രമണം

പത്തനംതിട്ടയിലെ കർഷകർ വലിയ പ്രയാസം നേരിടുകയാണ്. ഒരു ഭാഗത്ത്‌വന്യജീവികളുടെ ആക്രമണം മൂലം കൃഷി നാശത്തിലാകുകയും മറുഭാഗത്ത് കടക്കെണി മൂലം ജീവൻ വരെ ഹോമിക്കേണ്ട അവസ്ഥ വരെ കർഷകർ അഭിമുഖീകരിക്കേണ്ടി വരുന്നു. കർഷകരുടെ ദുരിതപൂർണ്ണമായ സാഹചര്യം തിരിച്ചറിഞ്ഞ് ഈ മേഖലയിൽ പത്തനംതിട്ട എം.പി ആന്റോ ആന്റണി നടത്തിയ നേരിട്ടുള്ള ഇടപെടലുകൾ കർഷകർക്ക് വലിയ ആശ്വാസം നൽകുന്നു. കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലും അവരുടെ പ്രതിസന്ധി ഘട്ടങ്ങളിലും അരികിലോടിയെത്തി വേണ്ട സഹായങ്ങളെത്തിക്കാൻ ആന്റോ ആന്റണി എം.പി ഏറെ ശ്രദ്ധ ചെലുത്തുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. നിരന്തരം അവഗണന നേരിടുന്ന മലയോര മേഖലയിലെ പത്തനംതിട്ടയിലെ കർഷകരുടെ വലിയ പ്രശ്നം വന്യജീവികളിറങ്ങി കൃഷി നശിപ്പിക്കുന്നു എന്നതാണ്. കർഷകരുമായും അവരുടെ കുടുംബത്തിന്റെയും ജീവൻ വരെ ഇത് വലിയ ഭീഷണിയാകുന്നു. കോന്നിയിൽ പ്രഭാതസവാരിക്കിറങ്ങിയവരെ കാട്ടുപന്നികൾ കൂട്ടത്തോടെയിറങ്ങി വിളകൾ നശിപ്പിക്കുന്നത് മണിയാർ, എ.വി.ടി തോട്ടം മേഖലകളിൽ കടുവയുടെ സ്ഥിരം സാന്നിദ്ധ്യം തുടങ്ങി കാട്ടാന മുതൽ മലയണ്ണാൻ വരെയുള്ള കാട്ടുമൃഗങ്ങളടെ ശല്യം വനമേഖലയോട് ചേർന്ന കൃഷിയിടങ്ങളിലെ കർഷകർക്ക് വലിയ ശല്യമായി മാറിയിരിക്കുകയാണ്.

തണ്ണീത്തോട്, തേക്കുംതോട്, കരിമാൻതോട് തുടങ്ങിയ വനത്തോട് ചേർന്ന മേഖലകളിൽ കാട്ടാനയുടെ ശല്യവും വലിയ ഭീതിയുളവാക്കുന്നത്. വന്യമൃഗങ്ങളിൽ നിന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് ആന്റോ ആന്റണി എം.പി റാന്നി ഇട്ടിയപ്പാറയിൽ കർഷകർക്കൊപ്പം ചേർന്ന് സത്യാഗ്രഹ സമരം



നടത്തുകയുണ്ടായി. കാലഘട്ടത്തിനനുസരിച്ച് വന്യജീവി നിയമം ഭേദഗതി ചെയ്യാൻ സർക്കാർ തയ്യാറാവാത്തതിൽ വൻ പ്രതിഷേധമാണ് ഉയർന്നത്. നിരവധി ആദ്ധ്യാത്മിക നേതാക്കളും, സമുദായ രാഷ്ട്രീയ നേതാക്കളും കർഷകരും സത്യാഗ്രഹ സമരത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കുന്ന നിലപാടുകളാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളുന്നത്. എന്നാൽ പത്തനംതിട്ടയുടെ കാർഷിക മനസ്സറിഞ്ഞ് അവരോടൊപ്പം കൂടെ നിന്ന് പ്രവർത്തിക്കുകയാണ്.

പത്തനംതിട്ടയിലെ കർഷകർ വലിയ പ്രയാസം നേരിടുകയാണ്. ഒരു ഭാഗത്ത് വന്യജീവികൾ മൂലം കൃഷി നഷ്ടപ്പെടുകയും മറുഭാഗത്ത് കടക്കെണി മൂലം കാർഷിക നഷ്ടത്തിനാൽ ജീവൻ വരെ നഷ്ടപ്പെടുന്നവരും . എന്നാൽ ഈ മേഖലയിൽ പത്തനംതിട്ട എം.പിയുടെ നേരിട്ടുള്ള ഇടപെടലുകൾ കർഷകർക്ക് വലിയ ആശ്വാസം നൽകുന്നു. കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലും അവരുടെ പ്രതിസന്ധിഘട്ടങ്ങളിലും അരികിലോടിയെത്തി വേണ്ട സഹായങ്ങളെത്തിക്കാൻ ആന്റോ ആന്റണി എം.പി ഏറെ ശ്രദ്ധ ചെലുത്തുന്നു എന്നത് എടുത്തുപറയാതിരിക്കാൻ വയ്യ. റബ്ബർ കർഷകരുടെ വിഷയത്തിൽ നിരന്തരം ഇടപെടലുകളാണ് ആന്റോ ആന്റണി എം.പി നടത്തി വരുന്നത്. കേന്ദ്ര സർക്കാരിന്റെ റബ്ബർ ആക്ട് ഭേദഗതി ചെയ്യാനുള്ള







തീരുമാനത്തെ ശക്തമായി തന്നെ അദ്ദേഹം ലോകസഭയിൽ വിമർശിച്ചു. റബ്ബർ കർഷകരുടെ ആശ്രയമായ റബ്ബർ ബോർഡിനെ ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിന്റെ ഭാഗമാണ്. ഈ ഭേദഗതി, സ്വതന്ത്രമായി ഉയർത്തിച്ചു വരുന്ന റബർ ബോർഡിന്റെ അധികാരങ്ങൾ എടുത്തുമാറ്റി. കർഷകർക്ക് ഉപകാരപ്രദമായിരുന്ന 25-ഓളം പദ്ധതികളുടെ സബ്സിഡികൾ  നിർത്തലാക്കുകയും  35 ഫീൽഡ് ഓഫീസുകളും 2 റീജിയണൽ ഓഫീസുകളും അടച്ചുപൂട്ടുകയും ചെയ്തു.  ഇതിനെതിരെ ശക്തമായ പ്രതിഷേധമാണ് ആന്റോ ആന്റണി എം.പി  ലോക്സഭയിൽ ഉയർത്തിയത്.







# കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

### RKVY (രാഷ്ട്രീയ കൃഷി വികാസ് യോജന)- 71.51 കോടി

കാർഷിക മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതി പ്രകാരം പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ 2009-2024 കാലയളവിൽ 71.51 കോടി രൂപയാണ് ചിലവഴിച്ചത്.

### PMKSY (പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന)

കേന്ദ്ര സർക്കാർ ധനസഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ മണ്ണും, ജലവും ജൈവ സമ്പത്തും നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2 കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് വേണ്ടി പത്തനംതിട്ട പാർലമെന്റ്





മണ്ഡലത്തിൽ ചിലവഴിക്കുന്നത്.

### SMAM /ATMA Schemes -

കർഷകർക്ക് ഗുണപ്രദമാകുന്ന SMAM /ATMA Schemes സ്കീമുകൾ വളരെ വിപുലമായ രീതിയിൽ തന്നെ നമ്മുടെ മണ്ഡലത്തിലും നടപ്പിലാക്കുകയുണ്ടായി.

SMAM പദ്ധതി പ്രകാരം 20.5 കോടി രൂപയ്ക്ക് ATMA സ്കീം വഴി 1.5 കോടി രൂപയും പത്തനംതിട്ട- പാർലമെന്റ് മണ്ഡലത്തിൽ ചിലവഴിച്ചു.

### ശുചിത്വമിഷൻ (ഗ്രാമീൺ ആന്റ് അർബൻ)

മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ശുചിത്വമിഷൻ രൂപീകരിച്ചിട്ടുള്ളത്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതികൾ പ്രകാരം പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ 2009 മുതൽ 24 വരെ 8 കോടിയോളം ചിലവഴിച്ചു.



## ആയിരക്കണക്കിന് ഭവനങ്ങൾ

## (IAY & PMAY ഭവനപദ്ധതി) - 7415 ഭവനങ്ങൾ

എല്ലാവർക്കും വാസയോഗ്യമായ ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന ഭവന പദ്ധതി. നിർധനരായ നിരവധി പേർക്കാണ് ഈ പദ്ധതി പ്രകാരം തങ്ങളുടെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമായത്. 2009 മുതൽ 2024 കാലയളവിൽ നിർമ്മിച്ചു നൽകിയത് 7415 വീടുകളാണ്.

## കുടുംബശ്രീ പദ്ധതി

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടവരെ ശാക്തീകരിക്കുന്നതിന് അവർക്ക് ആവശ്യമായ പരിശീലനങ്ങളും ഭൗതീക സാഹചര്യങ്ങളും സൃഷ്ടിച്ച് സ്വയം പര്യാപ്തരാക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

ഈ പദ്ധതി പ്രകാരം പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ 2009 മുതൽ 2024 വരെ 89.91 കോടി രൂപയാണ് ചെലവഴിച്ചത്.

## പദ്ധതികളും ചെലവഴിച്ച തുകയും

| | |
|---|---|
| NRLM (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) | - 80.46 കോടി |
| MKSP മഹിമ കിസാൻ ശാക്തീകരണ പരിയോജന) | - 3.46 കോടി |
| DDUGKY ദിൻ ദയാൽ ഉപധ്യായ ഗ്രാമീൺ | - 4.87 കോടി |
| PMFME (Financial Grand for marketing | - 1.12കോടി |









# എന്നും റബ്ബർ കർഷകർക്കൊപ്പം

പാർലമെന്റംഗമെന്ന നിലയിൽ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ഏറ്റവും അധികം ചോദ്യങ്ങൾ ഉന്നയിച്ചതും,ചർച്ചകളിൽ പങ്കെടുത്തതും കേരളത്തിലെ റബ്ബർ കർഷകരുടെ കണ്ണീരിൽ കുതിർന്ന ആശങ്കകൾക്ക് ആശ്വാസകരമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ തലതിരിഞ്ഞ നയങ്ങളാണ് കേരളത്തിലെ റബ്ബർ കർഷകരുടെ ജീവിതത്തെ പ്രതിസന്ധിയുടെ പടുകുഴിയിലാഴ്ത്തിയിരിക്കുന്നത്. സമാനതകളില്ലാത്ത ജീവിത ദുരിതങ്ങളിലൂടെയാണ് ഇന്ന് റബ്ബർ കൃഷിയെ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച ജനങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. മിക്ക കർഷക കുടുംബങ്ങളും കടക്കെണിയിലാണ്.

കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരെ സംബന്ധിച്ച് കടക്കാരനായി ജനിച്ച് ,കടക്കാരനായി ജീവിച്ച്,കടക്കാരനായി മരിച്ച് പോവേണ്ട അതീവ ദയനീയ സ്ഥിതി വിശേഷം ഈ മേഖലയിൽ ഇന്ന് നിലനിൽക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ അനിയന്ത്രിതമായ റബ്ബർ ഇറക്കുമതിയാണ് റബ്ബർ വിലയിടിവിന്റെ അടിസ്ഥാന കാരണം.

നിയന്ത്രണമില്ലാത്ത റബ്ബർ ഇറക്കുമതിക്കു പുറമേ,ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനുള്ള ശ്രമം കേന്ദ്ര ഗവണ്മെന്റ് നടത്തിയത്,റബ്ബർ കർഷകരോടുള്ള അടുത്തവെല്ലുവിളിയും അവരുടെ ജീവിതത്തെകൂടുതൽപ്രതിസന്ധിയുടെ അഴങ്ങളിലേക്ക് തള്ളിയിടുന്നതിനുള്ള നിഗൂഢ നീക്കവുമായിരുന്നു.

ആന്റോ ആന്റണി ഉൾപ്പെടെയുള്ള എം.പി മാരുടെ നേതൃത്വത്തിൽ പാർലിമെന്റിൽ നടത്തിയ ശക്തമായ പ്രതിഷേധത്തെ തുടർന്നാണ് ആ തീരുമാനത്തിൽ നിന്ന് കേന്ദ്ര ഗവണ്മെന്റിന് പിൻവാങ്ങേണ്ടി വന്നത്. കോൺഗ്രസ് നേതൃത്വത്തിലുള്ളഗവൺമെന്റുകൾ നടപ്പിലാക്കിയ റബ്ബർ കർഷകർക്കുള്ള എല്ലാ സബ്സിഡികളും നിലച്ചിരിക്കുന്നു. അതേസമയം വ്യവസായികളുടെ നേതൃത്വത്തിൽ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നടത്തുന്ന റബ്ബർ കൃഷിക്ക് ഹെക്ടറിന് ഒന്നര ലക്ഷം രൂപ സബ്സിഡി നൽകുകയാണ്.

കേരളത്തിലെ റബ്ബർ കർഷകരുടെ ജീവിത പ്രതിസന്ധികൾക്ക് വലിയൊരു ആശ്വാസകരമായ പദ്ധതിയായിരുന്നു ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ റബ്ബർ വിലസ്ഥിരതാ ഫണ്ട്.അതിന്റെ അനുകൂല്യം കഴിഞ്ഞ 9 മാസമായി ഇടതുപക്ഷ സർക്കാർ കർഷകർക്ക് നൽകുന്നില്ല എന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.




# കായിക മേഖലയ്ക്ക് ഉണർവ്വേകാൻ **കളിക്കളങ്ങൾ**

പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിന് കീഴിൽ വരുന്ന ഗ്രാമീണ മേഖലകളിൽ കായിക രംഗത്തിന് ഉണർവ്വേകാൻ നിരവധി ഇടങ്ങളിൽ എം.പിയുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വോളിബോൾ കോർട്ടുകൾ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചു നൽകി.

| | |
|---|---|
| 1. ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 20 ലക്ഷം |
| 2. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 20 ലക്ഷം |
| 3. പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ചാല സ്റ്റേഡിയം | - 20 ലക്ഷം |
| 4. ചെറുകോൽ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 20 ലക്ഷം |
| 5. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 20 ലക്ഷം |
| 6. തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 20 ലക്ഷം |
| 7. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | - 15 ലക്ഷം |
| 8. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് ഹൈസ്കൂളിന് ബാസ്ക്കറ്റ് ബോൾ കോർട്ട് | - 7 ലക്ഷം |
| 9. വാഴൂർ എസ്.ആർ.വി സ്കൂൾ ബാസ്ക്കറ്റ് ബോൾ | - 5 ലക്ഷം |







# ക്യാൻസർ രോഗികൾക്ക് **കരുതലിന്റെ കാരുണ്യ സ്പർശം**






പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി ആന്റോ ആന്റണി എംപിയുടെ നേതൃത്വത്തിൽ രൂപീകരിച്ച "eMPower pathanamthitta" യും, മുത്തൂറ്റ് ഫിനാൻസ് സി എസ് ആറും, മുത്തൂറ്റ് ക്യാൻസർ സെന്ററും  സംയുക്തമായി സഹകരിച്ച് നടത്തുന്ന "Care for Cancer Cure"പദ്ധതി സമൂഹത്തിൽ ഒട്ടേറെ ആളുകൾക്ക് പ്രയോജനപ്രദമാണ്."അറിയാൻ വൈകരുത് കരുതാൻ കാത്തുനിൽക്കരുത്" എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ആപ്തവാക്യം.


മാർച്ച് 1 മുതൽ 31 വരെയുള്ള ഒരു മാസക്കാലം പത്തനംതിട്ട മുത്തൂറ്റ് ആശുപത്രിയിലും, കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിലും സൗജന്യമായി  രോഗനിർണ്ണയം നടത്താവുന്നതും രോഗം നിർണ്ണയിക്കപ്പെടുന്നവർക്ക് സൗജന്യ തുടർ ചികിത്സ ഉറപ്പാക്കുന്നതുമാണ് ഈ പദ്ധതി.  സമൂഹത്തിൽ,ഇന്ന് ധാരാളം സ്ത്രീകൾ സ്തനാർബുദം എന്ന മാരകരോഗാവസ്ഥ മൂലം ബുദ്ധിമുട്ടുന്നുണ്ട്. ഈ രോഗത്തോടും അതിന്റെ വെല്ലുവിളികളോടു പോരാടുന്നവരും,അതിനു മുന്നിൽ നിസ്സഹായരായി നിൽക്കേണ്ടി വരുന്നവരുമായ അനേകം വനിതകൾ നമ്മുടെ ഇടയിൽത്തന്നെയുണ്ട്.

എന്നാൽ,കൃത്യമായ പരിശോധനകളിലൂടെയും, ചിട്ടയോടെയുള്ള സമയ ബന്ധിതമായ ചികിത്സയിലൂടെയും, കൃത്യമായ ബോധവൽക്കരണത്തിലൂടെയും ഈരോഗത്തെനമുക്ക്ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കും. "Care for Cancer Cure" എന്ന ഈ പദ്ധതിയുടെ ലക്ഷ്യം, സൗജന്യ പരിശോധനകളിലൂടെ രോഗസാധ്യത കണ്ടെത്തുകയും, രോഗം സ്ഥിരീകരിച്ചാൽ അർഹരായവർക്ക്  തുടർ ചികിത്സയുൾപ്പെടെ സകലഅനുബന്ധ കാര്യങ്ങളും ഒരുക്കുകയാണ് ഈ പദ്ധതി.

# ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭയിൽ
# ആന്റോയുടെ ശബ്ദം

സേവനമാണ് യഥാർത്ഥ ഈശ്വര ആരാധനയെന്ന് മഹാത്മാ ഗാന്ധി പറഞ്ഞു. മനുഷ്യരെ സ്നേഹിക്കുന്നവർക്കെ ദൈവത്തിലെത്താൻ കഴിയു എന്ന് ഖലീൽ ജിബ്രാനും വിശ്വസിച്ചു. എല്ലാം വിരൽ ചൂണ്ടുന്നത് ഒന്നിലേക്കാണ്. തനിക്കു ചുറ്റുമുള്ള എല്ലാ പ്രശ്നങ്ങളിലും ഇടപെട്ട് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന ആന്റോ ആന്റണിയുടെ ജീവിത വീക്ഷണം വിലയിരുത്തുമ്പോൾ മേൽപറഞ്ഞ നിരീക്ഷണങ്ങൾ ഓർമ്മ വരും.

പത്തനംതിട്ട ലോക്സഭ മണ്ഡലത്തിലെ ചെറുഗ്രാമങ്ങളിൽ നിന്ന് തുടങ്ങി ഐക്യരാഷ്ട്ര സംഘടനയുടെ പൊതു സഭയിൽ വരെ ആന്റോ ആന്റണിയുടെ ശബ്ദം മുഴങ്ങി. പ്രളയത്തിൽ തകർന്നവരുടെ മുന്നിലും ഒറ്റപ്പെട്ടവരുടെ കാതിലും കോവിഡിനാൽ വിറങ്ങലിച്ച നാട്ടിലും ബ്രിട്ടീഷ് പാർലമെന്റിലും ഒരേ വിധം പത്തനംതിട്ടക്കാർ തെരഞ്ഞെടുത്ത എം.പിയുടെ ശബ്ദം പ്രതിഫലിച്ചു. ഐക്യരാഷ്ട്ര പൊതു സഭയുടെ 68-ാം സമ്മേളനത്തിൽ സാമ്പത്തിക, സാമൂഹിക കൗൺസിലിന്റെ റിപ്പോർട്ടിനെ അധികരിച്ച് നടന്ന ചർച്ചയിലാണ് രാജ്യത്തെ പ്രതിനിധീകരിച്ച് പ്രസംഗിക്കാനുള്ള അവസരം ആന്റോ ആന്റണിയ്ക്ക് ലഭിച്ചത്. എം.പി എന്ന നിലയിൽ ലഭിച്ച ഈ അംഗീകാരം ആന്റോ ആന്റണിയുടെ പൊതുജീവിതത്തിലെ ധന്യമായ മുഹൂർത്തങ്ങളിലൊന്നാണ്. കുറഞ്ഞ പ്രതിശീർഷ വരുമാനത്തിലും മാനവ വികസന സൂചിക മെച്ചപ്പെടുത്തിയ കേരളത്തിന്റെ മാതൃകയാണ് അന്തർദ്ദേശീയ സമൂഹത്തിന് മുമ്പാകെ നടത്തിയ തന്റെ പ്രസംഗത്തിൽ ആന്റോ ആന്റണി വിവരിച്ചത്.



വാസ്തവം ബോദ്ധ്യപ്പെടുമ്പോൾ




## ബ്രിട്ടീഷ് പാർലമെന്റിൽ ആന്റോ ആന്റണി

ബ്രിട്ടീഷ് പാർലമെന്റിൽ നടന്ന ബിസിനസ് മീറ്റിലാണ് ഇന്ത്യൻ സംഘത്തെ നയിച്ചുകൊണ്ട് ആന്റോ ആന്റണി പ്രസംഗിച്ചത്. മലയാളി തൊഴിൽ സമൂഹം ബ്രിട്ടീഷ് സാമൂഹിക ജീവിതത്തിലെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഏറി വരുന്ന ഇന്ത്യാ ബ്രിട്ടൺ സഹകരണത്തിന്റെ പ്രസക്തിയെ പ്രതിപാദിച്ചുകൊണ്ടായിരുന്നു ആന്റോ ആന്റണിയുടെ പ്രസംഗം. ആഗോള വത്ക്കരണം കേരളത്തിൽ ധാരാളം അവസരങ്ങൾ തുറന്നിരിക്കുകയാണ്. അതിനാൽ തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടങ്ങൾ കൊയ്യാൻ പറ്റിയ അവസരമാണിതെന്ന് ആന്റോ ആന്റണി നിരീക്ഷിച്ചു. ലോകത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതാണ്. പേരുകേട്ട സർവ്വകലാശാലകളുടെ നാടാണ് ഇംഗ്ലണ്ട്. അക്കാദമിക മികവ് മുഖമുദ്ര ആക്കിയ ഈ സരസ്വതി ക്ഷേത്രങ്ങളാണ് തങ്ങൾക്കുള്ള പ്രചോദനം. സമർത്ഥമായ വിദ്യാർത്ഥികളാൽ സമ്പന്നമാണ് കേരളം. വിവിധ പഠന മേഖലകളിൽ കേരളം ലോകനിലവാരത്തിലേക്കുയരണം. പ്രസ്തുത മേഖലകളിലുള്ള ബ്രിട്ടീഷ് കേരള സഹകരണത്തിന് അത്ഭുതകരമായ നേട്ടങ്ങൾ സൃഷ്ടിക്കാനാകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ടാണ് ആന്റോ ആന്റണി തന്റെ പ്രസംഗം ഉപസംഹരിച്ചത്.

# ശബരിമലയിൽ സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥത

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നടത്തേണ്ട മുന്നൊരുക്കത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും വൻ വീഴ്ചയാണ് സംഭവിച്ചത്. ഈ വിഷയത്തിൽ കേരള ഗവൺമെന്റ് യാതൊരുവിധ ഇടപെടലുകളും നടത്തിയില്ല എന്നുള്ളത് ഏറെ വേദനാജനകമാണ്. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടണമെന്നും തീർത്ഥാടകർക്ക് വേണ്ട സൗകര്യം ഉടൻ ഒരുക്കി നൽകണമെന്നും ആവശ്യപ്പെട്ട് നിരവധി തവണയാണ് ആന്റോ ആന്റണി എം.പി മുഖ്യമന്ത്രിയുടെയും, ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിൽ കൊണ്ടുവന്നത്, പക്ഷേ അതെല്ലാം സർക്കാർ അവഗണിക്കുകയാണ് ചെയ്തത്. സത്യത്തിൽ ഇത്ര മാത്രം ദുഷ്ക്കരമായ ശബരിമല തീർത്ഥാടനം ചരിത്രത്തിൽ ഇതാദ്യമായിട്ടാണ്. പന്ത്രണ്ടും പതിനാറും മണിക്കൂർ ക്യൂവിൽ നിന്ന് തളർന്ന് വീഴുന്ന അയ്യപ്പ ഭക്തന്മാർ, മൈലുകൾ നീളത്തിൽ വനമേഖലയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങൾ അന്യായമായി പിടിച്ചിടുകയും കുടിവെള്ളവും കഴിക്കാൻ ഭക്ഷണവും ലഭിക്കാതെ വിശന്നുവലഞ്ഞ് തളർന്നു വീഴുന്ന കൊച്ചുകുട്ടികളുൾപ്പെടെയുള്ള തീർത്ഥാടകരുടെ നിസഹായവസ്ഥ കേരളം കണ്ടു. രാത്രിയെന്നോ പകലെന്നോ വ്യത്യാസം ഇല്ലാതെ തീർത്ഥാടകരോട് വലിയ ദ്രോഹം ആണ് കേരള ഗവൺമെന്റ് ചെയ്തത്. ഈ ദുരവസ്ഥ കേരള സർക്കാരിന്റെ പിടിപ്പുകേട് ഒന്നുകൊണ്ടു മാത്രമാണുണ്ടായത്.

മണ്ഡല കാലത്തിന് മുന്നോടിയായി ശബരിമലയിൽ മുൻകാലങ്ങളിൽ വലിയ രീതിയിലുള്ള മുന്നൊരുക്കങ്ങളാണ് നടത്തിയിരുന്നത്. ഗ്രാമീണ റോഡുകളടക്കം ശബരിമലയിലേക്കുള്ള അനുബന്ധ റോഡുകളെല്ലാം കോടികൾ ചിലവഴിച്ച് നവീകരിക്കുകയും ഇവിടെയെത്തുന്ന തീർത്ഥാടകർക്ക് ആവശ്യത്തിന് കുടിവെള്ളം, ഭക്ഷണം തുടങ്ങി എല്ലാ സൗകര്യങ്ങളും ഒരുക്കാനും ഉറപ്പുവരുത്തുവാനും സർക്കാരുകൾ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ സമയത്ത് ശബരിമലയിലെ വിഷയങ്ങൾ പഠിച്ച് അതിനു ഉചിതമായ പരിപാരം ചെയ്യാൻ ഒരു പ്രത്യേക സമിതിയെ തന്നെ നിയോഗിച്ചിരുന്നു. എന്നാൽ ശബരിമല തീർത്ഥാടനം ഇന്ന് ഒരു ദുരിതപൂർണ്ണമായ ചടങ്ങായി മാറ്റാനുള്ള ബോധപൂർവ്വമായ നീക്കമൊണ് ഇടതു സർക്കാരിന്റെ ഭാഗത്ത് നിന്നും ഇക്കുറി ഉണ്ടായത്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ദശലക്ഷക്കണക്കിന് വരുന്ന അയ്യപ്പഭക്തന്മാരുടെ വലിയ പ്രതിഷേധത്തിന് പോലും ഈ വർഷം കേരളം സാക്ഷിയായി.. ആവശ്യത്തിന് പോലീസ് സേനയെ പോലും വിന്യസിക്കാൻ സർക്കാർ തയ്യാറായില്ല. ഇതേ കാലയളവിൽ നടന്ന ഇടതുപക്ഷത്തിന്റെ നവകേരള സദസ്സ് എന്ന ധൂർത്ത് പരിപാടിക്ക് സംസ്ഥാനത്തെ കൂടുതൽ പോലീസ് സേനയെ സംരക്ഷണം ഒരുക്കാൻ വിന്യസിക്കുകയും ശബരിമലയിലേക്ക് ആവശ്യത്തിന് പോലീസിനെ വിന്യസിക്കാൻ സർക്കാർ തയ്യാറാവാതെ വരികയും ചെയ്തത് കേരള സർക്കാരിന്റെ വലിയ കെടുകാര്യസ്ഥതയാണ് സൂചിപ്പിക്കുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം തന്നെ ഉയരേണ്ടതുണ്ട്.







ശബരിമല തീർത്ഥാടകരെ ദുരിതത്തിലാക്കിയ സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥ തെക്കെതിരെ പാർലമെന്റിലെ ഗാന്ധി പ്രതിമയ്ക്ക് മുമ്പിൽ യുഡിഎഫ് എംപിമാരുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധം

# അനാസ്ഥ
## പ്രളയത്തിലാഴ്ത്തിയ പത്തനംതിട്ട

2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ പത്തനംതിട്ടയിലാണ് സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയത്. അണക്കെട്ടുകൾ യാതൊരു മുന്നറിയിപ്പുമില്ലാതെ തുറന്നതാണ് പത്തനംതിട്ട, ആലപ്പുഴ ജില്ലകളെ പ്രളയത്തിലാഴ്ത്താൻ കാരണം. പമ്പാ തീരത്ത് പ്രളയമുണ്ടായ ആഗസ്റ്റ് 14 രാത്രിയിലും 15 ന് പുലർച്ചെയും പത്തനംതിട്ടയിൽ റെഡ് അലർട്ടുമുണ്ടായിരുന്നില്ല. 15 ന് പുലർച്ചെ റെഡ് അലർട്ട് പ്രഖ്യാപിച്ചപ്പോഴേക്കും വീടുകളിൽ വെള്ളം കയറി പതിനായിരങ്ങൾ ഒറ്റപ്പെട്ടിരുന്നു. റെഡ് അലർട്ട് പ്രഖ്യാപിക്കുന്നതിന് 24 മണിക്കൂർ മുമ്പ് അറിയിപ്പ് നൽകി ഒഴിഞ്ഞുപോകാൻ സമയം നൽകണമെന്നാണ് പ്രോട്ടോക്കോൾ. എന്നാൽ ഇതിൽ ഭരണകൂടം പരാജയപ്പെട്ടു.

സർക്കാരിന്റെ അനാസ്ഥയിൽ അവഗണിക്കപ്പെട്ട ജില്ലയിൽ ആന്റോ ആന്റണിയുടെ നേതൃത്വത്തിൽ നടന്ന രക്ഷാപ്രവർത്തനങ്ങൾ എടുത്തു പറയേണ്ടത് തന്നെയാണ്. ദുരിത ബാധിത പ്രദേശങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും തങ്ങളാൽ സാധ്യമായ പ്രവർത്തനങ്ങളുമായി എം.പിയും കോൺഗ്രസ് പ്രവർത്തകരും സജീവമായിരുന്നു.












# വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ കട തുറക്കാൻ...



ഫാസിസത്തിന്റെ ഇന്ത്യയിലെ ഏറ്റവും വലിയപരീക്ഷണശാലയായിരുന്ന നരേന്ദ്രമോദിയുടെ ഭരണത്തിൻ കീഴിലെ ഗുജറാത്ത്. കൃത്രിമമായി രൂപപ്പെടുത്തിയ. കലാപം പൊട്ടിപുറപ്പെട്ടപ്പോൾ അതിനെ നേരിടേണ്ടതിന് പകരം പ്രതിലോമ ശക്തികൾക്ക് അഴിഞ്ഞാടാനുള്ള അവസരമാണ് നരേന്ദ്രമോദി അന്ന് നൽകിയത്. ഗുജറാത്തിൽ യഥാർത്ഥത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഇന്നും അജ്ഞാതമാണ്. കലാപത്തിൽ 1044 പേർ കൊല്ലപ്പെടുകയും 223 പേരെ കാണാതാവുകയും 2500 പേർക്ക് പരിക്കേൽക്കുകയും ചെയ്തു എന്നുള്ളതാണ് സർക്കാരിന്റെ കണക്ക്.എന്നാൽ രണ്ടായിരത്തിലധികം പേർ കൊല്ലപ്പെട്ടു എന്നുള്ളതാണ് ഔദ്യോഗിക കണക്ക്. നൂറ്റാണ്ടുകളായി സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്ന സമുദായങ്ങൾ തമ്മിൽ വെറുപ്പിന്റെ വിഷവിത്തുകൾ പാകി വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുവാൻ മോദി ഭരണത്തിന് കഴിഞ്ഞു.

സമാനതകളില്ലാത്ത ക്രൂരതകളാണ് അവിടെ അരങ്ങേറിയത്. ബിൽക്കീസ് ബാനു കേസ് ഒരുദാഹരണം മാത്രം, ഗുജറാത്ത് കലാപത്തിൽ 21 വയസ്സു പ്രായമുള്ള ബിൽക്കീസ് ബാനു എന്ന ഗർഭിണിയായ യുവതിയെ കൂട്ടബലാൽസംഗം ചെയ്യുകയും കുടുംബത്തിലെ ഏഴുപേരെ കൂട്ടക്കൊല ചെയ്യുകയും ചെയ്തു. നാലു വയസ്സുള്ള കുഞ്ഞിനെ കാലിൽ പിടിച്ച് തറയിലടിച്ചാണ് കൊന്നത്.

ജീവന്റെ സുരക്ഷയെ കരുതി ഗുജറാത്തിൽ നിന്ന് കേസ് മാറ്റണമെന്ന ആവശ്യം അംഗീകരിച്ചാണ് മഹാരാഷ്ട്ര ഹൈക്കോടതിയിൽ കേസ് നടത്തിയത്. 11 പ്രതികളെ ജീവപര്യന്തം തടവിന് കോടതി ശിക്ഷിച്ചു. ഗുജറാത്ത് ഗവൺമെന്റിന്റെ തീരുമാന പ്രകാരം അവരെ മോചിപ്പിച്ചതിനെതിരെ നൽകിയ അപ്പീലിലാണ് നിയമവിരുദ്ധമായി ഗുജറാത്ത് ഗവൺമെന്റിന്റെ തീരുമാനം റദ്ദ് ചെയ്തത്. മുഴുവൻ പ്രതികളെയും തിരിച്ച് ജയിലിലെത്തിക്കുവാൻ സുപ്രീംകോടതിക്ക് കഴിഞ്ഞത്.

മുസ്ലീം വിഭാഗത്തിന് നേരെ മാത്രമല്ല ക്രൈസ്തവ വിഭാഗത്തിനും നേരെ വ്യാപകമായ അക്രമണമാണ് രാജ്യമൊട്ടാകെ നടന്നത്. 2018 ൽ ഈ വിഷയം പാർലമെന്റിൽ ഉന്നയിച്ചപ്പോൾ 418 ക്രൈസ്തവ ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാർത്ഥനാ യോഗങ്ങൾക്കും എതിരെയുണ്ടായ അക്രമണമാണ് ഉന്നയിച്ചത്. 2023 ൽ ഇതേ വിഷയം പാർലമെന്റിൽ ഉന്നയിക്കുമ്പോൾ 2028 അക്രമണങ്ങളാണ് ഉന്നയിക്കേണ്ടി വന്നത്. അതിനു ശേഷമാണ് മണിപ്പൂർ സംഭവം അരങ്ങേറുന്നത്.

പോലീസിന്റെ ബാരക്കിൽ സൂക്ഷിച്ചിരുന്ന തോക്കുകളും തിരകളും ഉപയോഗിച്ചാണ് അക്രമികൾ കൂട്ടക്കൊല നടത്തിയതും അക്രമ പരമ്പരകളും ബലാൽസംഗങ്ങളും ഒക്കെ നടത്തിയത്. 540 ൽ പരം ക്രൈസ്തവ ദേവാലയങ്ങളാണ് തീയിട്ടു നശിപ്പിച്ചത്. ഇന്നും അവിടെ അക്രമങ്ങൾ തുടരുകയാണ്.

സംസ്ഥനം ഭരിക്കുന്ന ബി.ജെ.പി ഗവൺമെന്റിന്റെ ഒത്താശയോടുകൂടി നടന്ന ഈ അക്രമങ്ങളെ കുറിച്ച് പാർലമെന്റിൽ പ്രധാനമന്ത്രി സംസാരിക്കണമെന്നാവശ്യപ്പെട്ടാണ് ഞങ്ങൾ പ്രതിഷേധിച്ചത്. എതിർ ശബ്ദം ഉയർത്തുന്നവരെയല്ലാം പാർലമെന്റിൽ നിന്ന് പുറത്താക്കുക എന്ന നയമാണ് മോദി ഗവൺമെന്റ് കൈക്കൊണ്ടത്. അധികാരത്തിൽ എത്തുവാൻ ജനങ്ങളോട് പറഞ്ഞ ഒരു വാക്കും പാലിക്കാത്ത നരേന്ദ്രമോദി പുതിയ മോദി ഗ്യാരന്റിയുമായി ഇറങ്ങുന്ന കാഴ്ചയാണ് കാണുന്നത്.

ഡീസലും പെട്രോളും 50 രൂപയ്ക്ക് ലഭിക്കും, വർഷം തോറും 2 കോടി തൊഴിൽ നൽകും, സ്വിസ് ബാങ്കിലെ കള്ളപ്പണം മുഴുവൻ തിരികെ കൊണ്ടുവന്ന് ഓരോ പൗരന്റെയും അക്കൗണ്ടിൽ 15 ലക്ഷം രൂപ നിക്ഷേപിക്കും, കർഷകരുടെ വരുമാനം ഇരട്ടിയാക്കും രൂപയുടെ മൂല്യം വർദ്ധിപ്പിക്കും എന്നിങ്ങനെയുള്ള വാഗ്ദാനങ്ങൾ ജലരേഖകളായി, ഇപ്പോൾ മുന്നോട്ടു വച്ചിരിക്കുന്ന മോദി ഗ്യാരന്റികൾക്ക് യാതൊരു വിശ്വാസതയും ഇല്ലെന്ന് ജനങ്ങൾ തിരിച്ചറിയുകയാണ്.

രാജ്യത്ത് ഫാസിസം പൂർണ്ണമായി നടപ്പാക്കുവാൻ തടസ്സം നിൽക്കുന്നത് ഭരണഘടനയാണ് എന്ന തിരിച്ചറിവുകളാണ് ഭരണഘടന മാറ്റിയെഴുതും എന്ന പ്രഖ്യാപനം പിന്നിൽ. ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലമാക്കി , ഭരണഘടനാ മൂല്യങ്ങളെ അട്ടിമറിച്ച് ഒടുവിൽ ഭരണഘടനയെ തന്നെ ഉടച്ചു വാർത്ത് നാട്ടിൽ ഫാസിസം നടപ്പാക്കുവാനാണ് ശ്രമം.

കോടതികൾ, തെരഞ്ഞെടുപ്പ് കമ്മീഷൻ, റിസർവ്വ് ബാങ്ക്, സി.ബി.ഐ, അന്വേഷണ ഏജൻസികൾ എന്നിവയെ കൈപ്പിടിയിലൊതുക്കി സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ഭരണഘടനാ സ്ഥാപനങ്ങളെ തങ്ങളുടെ വരുതിയിൽ കൊണ്ടു വന്ന് പാർലമെന്റിനെ നോക്കുകുത്തിയാക്കി ജനവിരുദ്ധ നയങ്ങളും നിയമങ്ങളും പാസ്സാക്കി സമ്പൂർണ്ണ ഏകാധിപത്യം എന്ന ലക്ഷ്യത്തിലേക്കാണ് നരേന്ദ്രമോദി രാജ്യത്തെ കൊണ്ടുപോകുന്നത്. ജനാധിപത്യത്തിന്റെ നെടുംതൂണുകളായ മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിട്ടിരിക്കുകയാണ് ഭരണഘടനാ ഉയർത്തി പിടിക്കുന്ന മതേതരത്വം, ജനാധിപത്യം, വ്യക്തിസ്വാതന്ത്ര്യം എന്നീ മൂല്യങ്ങൾ ദുർബലപ്പെടുത്തുകയാണ്.


ഗാന്ധിജി, നെഹ്റു ഉൾപ്പെടെയുള്ള ദേശീയ നേതാക്കളുടെ ആശയാഭിലാഷമായിരുന്നു ബഹുസ്വരതയിലൂന്നിയ ഭരണഘടന. അതിനെ തകർക്കുവാനാണ് സംഘ്പരിവാർ ശക്തികളുടെ പരിശ്രമം. ജനാധിപത്യ വിശ്വാസികൾ ഉണർന്നു പ്രവർത്തിക്കേണ്ട അവസരമാണെന്നതിൽ യാതൊരു തർക്കവുമില്ല.



വാസ്തവം ബോദ്ധ്യപ്പെടുമ്പോൾ

# ഫാസിസത്തിന്റെ വിഷപ്പുക
# ഇന്ത്യയുടെ നേർചിത്രം

ഫാസിസം പ്രതിലോഭകരമായ പ്രത്യയ ശാസ്ത്രമാണ്. അസഹിഷ്ണുതയാണ് അതിന്റെ അടിസ്ഥാനം. ഫാസിസ്റ്റു ശക്തികളിലേക്ക് അധികാരം വന്നു ചേരുമ്പോൾ അത് ഭരണകൂട ഭീകരതയ്ക്ക് കാരണമാകുന്നു. രാജ്യത്ത് ദൃശ്യമായ വീപൽ സന്ദേശമാണ് 'ഫാസിസത്തിന്റെ വിഷപ്പുക.' എന്ന പുസ്തകത്തിന്റെ രചനയിലേക്ക് ആന്റോ ആന്റണിയെ നയിച്ചത്. ജനാധിപത്യ ഭാരതം പുലർത്തേണ്ട ജാഗ്രതയാണ് ഫാസിസത്തിന്റെ വിഷപ്പുകയിലെ സന്ദേശം. ലോകസഭാംഗം എന്ന നിലയിൽ ആന്റോ ആന്റണി നടത്തുന്ന നീരിക്ഷണങ്ങൾക്കപ്പുറം സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പൊതു പ്രവർത്തകൻ രാജ്യത്തിന്റെ ഭാവിയെ പറ്റി നടത്തുന്ന വീണ്ടു വിചാരമാണ് ഈ ഗ്രന്ഥത്തെ കൂടുതൽ പ്രസക്തമാക്കുന്നത്. ചിന്തയും, പാഠവും, അവലോകനവും , അനുഭവവും ഒന്നാകുന്ന വിധത്തിലാണ് പുസ്തകത്തിന്റെ രചനാമാതൃക. സമകാലീന ഇന്ത്യയുടെ നേർചിത്രമാണ് ഈ പുസ്തകം. സമൂഹത്തിലെ താഴേക്കിടയിലെ നിസ്വാർത്ഥരായ മനുഷ്യരുടെ പ്രശ്നങ്ങൾ അടക്കം വിലയിരുത്തുന്ന എഴുത്തുകാരന്റെ പ്രതിബദ്ധതയാണ് ആന്റോ ആന്റണിയുടെ പുസ്തകത്തിൽ കാണാൻ കഴിയുന്നതെന്ന് അവതാരികയിൽ ഡോ.ശശിതരൂർ എം,പി സാക്ഷ്യപ്പെടുത്തുന്നു. കരണ്ട് ബുക്സ് പ്രസിദ്ധീകരിച്ച 168 പേജുള്ള ഫാസിസത്തിന്റെ വിഷപ്പുക എന്ന ഗ്രന്ഥത്തിലൂടെ കടന്നു പോകുന്ന വായനക്കാരൻ സമകാലീന ഇന്ത്യയുടെ ഭയാനക ഭാവം കണ്ട് ഞെട്ടി പോകാതിരിക്കില്ല. ഈ ഞെട്ടൽ ജനവിധിയായി പ്രതിഫലിക്കുക തന്നെ ചെയ്യും.







## നമ്മുടെ പത്തനംതിട്ട പാർലമെന്റ് മണ്ഡലം ഒറ്റനോട്ടത്തിൽ






# ഈരാറ്റുപേട്ടയിൽ അഗ്രിക്കൾച്ചറൽ ഹുണാർ ഹബ്ബ് സ്ഥാപിക്കുന്നതിന് 3.24 കോടി

ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലെ, കടുവാമുഴിയിൽ അഗ്രിക്കൾച്ചറൽ ഹുണാർ ഹബ്ബ് സ്ഥാപിക്കുന്നതിന് 3.24 കോടി രൂപ അനുവദിച്ചു. 15000 sq.feet വിസ്തൃതിയിലാണ് കെട്ടിടം നിർമ്മിക്കുന്നത്.കേരളത്തിലെ തന്നെ ഏറ്റവും വലിയ മലഞ്ചരക്ക് വ്യാപാര കേന്ദ്രമായ ഈരാറ്റുപേട്ട കേന്ദ്രമാക്കി വലിയൊരു ലേല കേന്ദ്രം ഇതോടൊപ്പം ആരംഭിക്കാനാവും. നൂറ് ശതമാനം കേന്ദ്ര ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ഈരാറ്റുപേട്ട നഗരത്തിന്റെ വിവിധ ഇടങ്ങളിലായി ചിതറിക്കിടക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ എന്നപോലെ ഇവിടേക്ക് കൊണ്ടുവരാൻ സാധിക്കും.പദ്ധതി യാഥാർഥ്യമാവുന്നതോടെ കടുവാമുഴി പ്രാദേശത്തിന് വികസന രംഗത്ത് പുതിയൊരു നേട്ടം കൈവരിക്കുവാൻ സാധിക്കും.







മുണ്ടക്കയത്ത് അഖില തിരുവതാംകൂർ മലയരയ മഹാസഭയ്ക്ക് ട്രൈബൽ റിസോഴ്സ് സെന്റർ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചു നൽകി. ആന്റോ ആന്റണി എം.പി യുടെ ഫണ്ടിൽ നിന്നും അനുവദിച്ച 30 ലക്ഷം രൂപയും,രാജ്യ സഭാ എം പി മഹാരാജ് സാംബാജി രാജാ ചത്രപതിയുടെ ഫണ്ടിൽ നിന്നും അനുവദിച്ച 20 ലക്ഷം രൂപയും ഉപയോഗിച്ചാണ് നിർമ്മാണത്തിനുള്ള തുക അനുവദിച്ചത്.

# പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി അപാകതകൾ പരിഹരിക്കണം - ആന്റോ ആന്റണി

പ്രധാനമന്ത്രി കിസാൻ സമ്മാന നിധി വേരിഫിക്കേഷൻ അപാകതകൾ പരിഹരിക്കണമെന്ന് ലോക്സഭയിൽ ആവശ്യപ്പെട്ടു. ആനുകൂല്യം കിട്ടണമെങ്കിൽ അർഹരായവർ 2022 മാർച്ച് 31-നകം വേരിഫിക്കേഷൻ നടത്തിയിരിക്കണം. ഈ വർഷം ജനുവരി മുതൽ വെരിഫിക്കേഷൻ നടത്തിയവർക്ക് മാത്രമേ ആനുകൂല്യം ലഭ്യമാവുകയുള്ളൂ എന്ന വ്യവസ്ഥ ഗവൺമെൻറ് നിർബന്ധമാക്കി. ആധാർ നമ്പർ മൊബൈൽ ഫോണുമായി ബന്ധിപ്പിച്ചാണ് ഇ.കെ.വൈ.സി വെരിഫിക്കേഷൻ നടത്തേണ്ടത്. ഇന്ത്യയിൽ ആകെ 12.5 കോടിയും കേരളത്തിൽ 35 ലക്ഷത്തോളം ഗുണഭോക്താകളുണ്ട്. സി.എസ്.സി അഥവാ അക്ഷയ സെന്ററിൽ എത്തിയതാണ് മിക്ക കർഷകരും ഇ.കെ.വൈ.സി വെരിഫിക്കേഷൻ നടത്തുന്നത്. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് അവസാന ഭാഗമായി ലഭിക്കുന്ന ഒടിപി നൽകുമ്പോൾ തെറ്റായ ഒടിപി എന്നാണ് കാണിക്കുന്നത്.വെബ്സൈറ്റിലെ തകരാർ കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരത്തിൽ നിരവധി കർഷകരാണ് വേരിഫിക്കേഷൻ പൂർത്തിയാക്കാതെ കഷ്ടപ്പെടുന്നത്. ഒരു വർഷം 6000 രൂപയാണ് അർഹരായവർക്ക് ലഭിക്കുക. ആയതിനാൽ ഇ.കെ. വൈ.സി വേരിഫിക്കേഷൻ പൂർത്തിയാക്കുവാൻ വെബ്സൈറ്റിൽ അപാകതകൾ എത്രയുംവേഗം പരിഹരിക്കണമെന്നും അർഹരായവർക്കെല്ലാം ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടു.

# പിന്നിട്ട നാൾവഴികളിൽ..

- പൂർണ്ണമായ എംപി ഫണ്ട് വിനിയോഗം.
- സമ്പൂർണ്ണമായ പഠനങ്ങൾക്ക് ശേഷമുള്ള ശക്തമായ വിഷയാവതരണം ശൈലിയിലൂടെ മികവ് തെളിയിച്ച പാർലമെന്റേറിയൻ
- ബ്രിട്ടീഷ് പാർലിമെന്റിനുള്ളിൽ പ്രസംഗിക്കാൻ ലഭിച്ച അവസരവും പ്രവാസി സേവനത്തിനായി ലഭിച്ച അവാർഡും
- അമേരിക്കയിലെ ലോകപ്രശസ്തമായ Yale സർവ്വകലാശാലയിൽ യുവ എംപി മാർക്കുള്ള ശില്പശാലയിലും പരിശീലന പരിപാടിയിലും പങ്കെടുക്കുവാൻ അവസരം ലഭിച്ചത്.
- വൈറ്റ്ഹൗസിൽ ലഭിച്ച സ്വീകരണവും സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഹിലരി ക്ലിന്റനുമായുള്ള കൂടിക്കാഴ്ചയും.
- ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പയുടെ സ്ഥാനാരോഹണ ചടങ്ങിലേക്കുള്ള ഇന്ത്യ ഗവൺമെന്റിന്റെ ഔദ്യോഗിക പ്രതിനിധിയായി വത്തിക്കാനിൽ പോയതും, മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയും.
- മദർ തെരേസയെ വിശുദ്ധയാക്കി കൊണ്ടുള്ള പ്രഖ്യാപനം റോമിൽ  നടക്കുമ്പോൾ ഇന്ത്യ ഗവൺമെന്റിന്റെ ഔദ്യോഗിക പ്രതിനിധിയായി ചടങ്ങിൽ പങ്കെടുത്തത്.
- വിദ്യാർത്ഥികൾക്കും കർഷകർക്കും പ്രവാസികൾക്കുമായി നിലപാടുകളുമായി പാർലമെന്റിനുള്ളിലും പുറത്തും ശക്തമായ സാന്നിധ്യം.
- കേന്ദ്ര - സംസ്ഥാന പദ്ധതികൾ വേഗത്തിലാക്കാൻ ക്രിയാത്മികമായ ഇടപെടലുകൾ.
- ഫൊക്കാനയുടെ പ്രവാസി ക്ഷേമ പുരസ്കാരം നേടിയത്.
- സമൂഹത്തിന് ഉത്തമ മാതൃക നിലനിർത്തിക്കൊണ്ട് തന്റെ അവയവങ്ങൾ ദാനം ചെയ്യുന്നതിനുള്ള സമ്മതപത്രം കൈമാറിയത്.
- പാർലമെന്റിന്റെ നേഴ്സിങ് കൗൺസിലിന്റെ പ്രതിനിധിയെന്ന നിലയിൽ രാജ്യത്തെ നേഴ്സിങ് മേഖലയിൽ തുടർന്നുവന്ന കർശനമായ ബോണ്ട് സമ്പ്രദായം അവസാനിപ്പിക്കുവാൻ തീരുമാനമെടുത്തതും, നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതും.
- കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്റ്റാൻഡിങ് കമ്മിറ്റി അംഗം.
- കേന്ദ്ര ട്രാൻസ്പോർട്ട്, ടൂറിസം, സിവിൽ ഏവിയേഷൻ, പോർട്സ്, കൾച്ചർ വകുപ്പുകളുടെ പാർലമെന്റ് സ്റ്റാൻഡിങ് കമ്മിറ്റിയംഗം.
- പാർലമെന്റ് അഷ്വറൻസ് കമ്മിറ്റിയംഗം.
- പാർലമെന്റ് പെറ്റീഷൻസ് കമ്മിറ്റിയംഗം.



വാസ്തവം ബോദ്ധ്യപ്പെടുമ്പോൾ

- പാർലമെന്റ് മൈനോരിറ്റി അഫയേഴ്സ് കൺസൾട്ടവ് കമ്മിറ്റി അംഗം.
- ഡൽഹിയിലെ പ്രവാസികളുടെ അംബാസഡർ എന്ന വിശേഷണം.
- പാർലമെന്റിനുള്ളിൽ ഉന്നയിച്ച  1685 ചോദ്യങ്ങളും 371 ഇടപെടലുകളും 61 ഡിബേറ്റുകളിലുമായി സജീവ സാന്നിധ്യം.
- പെനിസുൽവാനിയ ഫ്രീഡം അവാർഡ്, ലയൺസ്, റൊട്ടറി, ഫോമ അവാർഡുകൾ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ.
- ഐസ്ലാന്റ് , റഷ്യ, ഓസ്ട്രിയ, പാകിസ്ഥാൻ, ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ ഔദ്യോഗിക പ്രതിനിധികളെ ഡൽഹിയിൽ സ്വീകരിക്കുവാൻ ലഭിച്ച അവസരം.
- പാർലമെന്റിലെ മികച്ച പ്രവർത്തനത്തെ കണക്കിലെടുത്ത് ഐക്യരാഷ്ട്ര സഭയുടെ പൊതുസഭയിൽ പ്രസംഗിക്കുന്നതിന് പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്തത്.
- ഇന്ത്യൻ നഴ്സിംഗ് കൗൺസിലിലെ ലോക്സഭാ അംഗങ്ങളുടെ പ്രതിനിധിയായിരുന്നു.
- പാർലമെന്റിലെ  വിദേശകാര്യ  സ്റ്റാൻഡിംഗ് കമ്മിറ്റി അംഗമായിരുന്നു.
- ധനകാര്യ മന്ത്രി അധ്യക്ഷനായ ധനകാര്യ കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗമായിരുന്നു





# ലോക് സഭയിലെ ചോദ്യങ്ങൾ

**15 വർഷം കൊണ്ട് പാർലമെന്റിൽ 1652 - ലധികം ചോദ്യങ്ങളാണ് ആന്റോ ആന്റണിയുടെതായി ഉയർന്നത്. ഓരോ ചോദ്യവും ജനപക്ഷത്തു നിന്നുള്ളവ. ഉത്തരങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യമായ തുടർനടപടികൾക്കും ആന്റോ ആന്റണി ശ്രമിച്ചിട്ടുണ്ട്. ചോദ്യങ്ങളിൽ പ്രതിഫലിച്ച നൂറിലധികം സുപ്രധാനമായ വിഷയങ്ങൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്. തനിക്ക് ലഭിച്ച നിവേദനങ്ങൾ തന്റെ ശ്രദ്ധയിൽപ്പെട്ട പൊതുപ്രശ്നങ്ങൾ എന്നിവ ചോദ്യങ്ങളായി ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരോട് ആന്റോ ആന്റണി എംപി ലോകസഭയിൽ ഉന്നയിച്ചപ്പോൾ ഈ നാട്ടിലെ സാധാരണക്കാരുടെ ശബ്ദമാണ് രാജ്യത്തെ പരമോന്നത നിയമനിർമ്മാണ സഭയിൽ മുഴങ്ങിയത്. പ്രസ്തുത ചോദ്യങ്ങളുടെ ഉള്ളടക്കം മാത്രം ഇവിടെ പരാമർശിക്കുന്നു.**

1. അംഗപരിമിതർക്ക് വീട്ടിലിരുന്ന് തന്നെ വോട്ട് രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്.
2. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്.
3. ഗ്രാമപ്രദേശങ്ങളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നത് സംബന്ധിച്ച് .
4. തിരുവല്ലയിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ ഡെവലപ്മെന്റ് തുടങ്ങുന്നത് സംബന്ധിച്ച്.
5. ന്യൂനപക്ഷ സമുദായത്തിലെ കുട്ടികളുടെ സ്കോളർഷിപ്പ് സംബന്ധിച്ച്.
6. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് സംബന്ധിച്ച്.
7. റെയിൽവേ യാത്ര ഇളവ് സംബന്ധിച്ച്.
8. നെല്ല്സംഭരം കുടിശ്ശിക നൽകുന്നതു സംബന്ധിച്ച്.
9. പ്രധാനമന്ത്രി കിസാൻ സ്കീം സംബന്ധിച്ച്.
10. തെരഞ്ഞെടുപ്പിൽ ബാലറ്റ് സമ്പ്രദായം തിരികെ കൊണ്ടുവരുന്നത് സംബന്ധിച്ച്.
11. പച്ചക്കറികളുടെയും, ഭക്ഷ്യ ധാന്യങ്ങളുടെയും വില വർദ്ധന സംബന്ധിച്ച്.
12. വെള്ളപ്പൊക്കം മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച്.
13. ഡോക്ടർമാരുടെയും, ആരോഗ്യപ്രവർത്തകരുടെയും കുറവ് സംബന്ധിച്ച്.
14. പരിസ്ഥിതി ലോല മേഖലകളെ സംബന്ധിച്ച്.
15. അങ്കമാലി, തിരുവനന്തപുരം ഗ്രീൻഫീൽഡ് ഹൈവേയുടെ പുരോഗതി സംബന്ധിച്ച്.
16. അങ്കമാലി - ശബരി റെയിൽവേ പദ്ധതിയെ സംബന്ധിച്ച്.
17. എഫ് എം റേഡിയോ സ്റ്റേഷൻ പത്തനംതിട്ടയിൽ യാഥാർത്ഥ്യമാക്കുന്നത് സംബന്ധിച്ച്.
18. ബഫർ സോൺ അതിർത്തി നിർണയം.
19. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയെ സംബന്ധിച്ച്.
20. ചെറുപ്പക്കാർക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരി ആസക്തി.
21. ഇന്റർനെറ്റ് ഗെയിം മൂലം ഉണ്ടാകുന്ന ആത്മഹത്യകൾ.
22. റബർ ബോർഡിന്റെ അധികാരങ്ങൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്.
23. വൃദ്ധസദനങ്ങളിലെ റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.
24. പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് കേസ്.
25. യൂക്രിനിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കുന്ന സംബന്ധിച്ച്.
26. സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ.
27. റബർ പ്രമോഷൻ ആൻഡ് ഡെവലപ്മെന്റ് ബില്ല് സംബന്ധിച്ച്.
28. കേന്ദ്രീയ വിദ്യാലയ അധ്യാപകരുടെ ശമ്പളം സംബന്ധിച്ച്.
29. റബ്ബർ ആക്ട് സംബന്ധിച്ച്.
30. ദേശീയപാത 183 എ യുടെ നിർമ്മാണം.
31. പെട്രോൾ - ഡീസൽ വില വർദ്ധനവ്.
32. ഇന്ത്യൻ രൂപയുടെ മൂല്യം കുറയുന്നതിനെ സംബന്ധിച്ച്.
33. വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യകളെ സംബന്ധിച്ച്.
34. വിദ്യാഭ്യാസ വായ്പ ഉദാരമാക്കുന്നത് സംബന്ധിച്ച്.
35. പാചകവാതക സബ്സിഡി പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്.
36. കാർഷിക മേഖലയെ കുറിച്ചും, കർഷകരുടെ ക്ഷേമ പദ്ധതികൾ സംബന്ധിച്ചും.
37. വാണിജ്യ വ്യവസായ മേഖലയെ സംബന്ധിച്ച്.



വാസ്തവം ബോധ്യപ്പെടുമ്പോൾ

38. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ വെല്ലുവിളികൾ.
39. ആറ്റോമിക് എനർജി സംബന്ധിച്ച് രാജ്യത്തെ സ്ഥിതി.
40. വ്യോമ ഗതാഗത മേഖലയെ സംബന്ധിച്ച്.
41. കോർപ്പറേറ്റ് മേഖലയിലെ പ്രവണതകൾ സംബന്ധിച്ച്.
42. പ്രതിരോധവും, അനുബന്ധ വകുപ്പും.
43. ഭൗതികശാസ്ത്ര മേഖല.
44. പരിസ്ഥിതി, വികസനം എന്നിവ സംബന്ധിച
45. ഭക്ഷ്യസുരക്ഷാ, പ്രക്ഷോത്പാദന രംഗം.
46. വാർത്ത സംരക്ഷണം, വാർത്ത വിനിമയെ നിയന്ത്രണങ്ങൾ.
47. ഇടത്തരം ചെറുകിട വ്യവസായ മേഖല.
48. ന്യൂനപക്ഷ പ്രശ്നങ്ങൾ, ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംബന്ധിച്ച്.
49. പാരമ്പര്യേതര ഊർജ മേഖലയുടെ സാധ്യതകൾ, വെല്ലുവിളികൾ.
50. പഞ്ചായത്തീരാജ് നിയമത്തിന്റെ നടപ്പിലാക്കൽ.
51. റെയിൽവേ അനുബന്ധ യാത്ര സൗകര്യങ്ങൾ.
52. രാജ്യത്തിന്റെ ധന സ്ഥിതി സംബന്ധിച്ച് സർക്കാർ നിലപാട് തേടൽ.
53. സാംസ്കാരിക രംഗത്ത് വിവാദമാകുന്ന നയങ്ങ സംബന്ധിച്ച്.
54. വൈദ്യുത മേഖല ഉത്പാദനം, വിതരണം, സംബന്ധിച്ച വസ്തുതകൾ.
55. വന്യമൃഗഭീഷണി, കൃഷിനാശം സംബന്ധിച്ച് നിയമനിർമ്മാണം.
56. കസ്തൂരിരംഗൻ റിപ്പോർട്ട്, അതിന്മേലുള്ള തുടർനടപടികൾ, കോടതിവിധികൾ.
57. വനസംരക്ഷണത്തിന്റെ ആവശ്യകത.
58. കേരളത്തിന്റെ കാർഷിക - ഭക്ഷ്യ മേഖല സംബന്ധിച്ച് വ്യത്യസ്ത ചോദ്യങ്ങൾ.
59. കേരളത്തിലെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ.
60. നിപ്പ വൈറസ് ബാധ സംബന്ധിച്ച വസ്തുതകൾ.
61. ദേശീയപാതകളിൽ ട്രോമ കെയർ യൂണിറ്റുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത.
62. ക്യാൻസർ രോഗം കണ്ടെത്തലും വിദഗ്ധ ചികിത്സയും സാധാരണക്കാർക്ക് ഉപയോഗപ്പെടുത്താൻ എങ്ങനെ കഴിയും എന്ന് അന്വേഷണങ്ങൾ.
63. നഴ്സുമാരുടെ സേവന വേദന വ്യവസ്ഥകൾ സംബന്ധിച്ച നിരവധി ചോദ്യങ്ങൾ.
64. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗവും വിതരണവും തടയുന്നതിനാവശ്യമായ നടപടികൾക്കായുള്ള നിരവധി ചോദ്യങ്ങൾ.
65. ക്യാൻസർ ആശുപത്രികൾ, ക്യാൻസർ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവ കൂടുതലായി ആരംഭിക്കുന്നതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്ന ചോദ്യങ്ങൾ.
66. വിദ്യാഭ്യാസ വായ്പാ സൗകര്യം യാഥാർത്ഥ്യമാക്കാൻ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ.
67. റബ്ബർ കർഷകരുടെ പ്രതിസന്ധിയിൽ ഇടപെട്ടുകൊണ്ട് കർഷകർക്ക് കേന്ദ്രസർക്കാരിൽ നിന്ന് പണവും, മറ്റ് സഹായങ്ങളും ലഭ്യമാക്കാൻ ഉതകുന്ന ചോദ്യങ്ങൾ.
68. തിരുവല്ല റെയിൽവേ സ്റ്റേഷന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട്.
69. വൈറോളജി ഇൻസ്റ്റ്യൂട്ട് സ്ഥാപിക്കുന്ന സംബന്ധിച്ച്.
70. ഗ്രാമീണ വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച്.
71. സ്ത്രീകളുടെയും, കുട്ടികളുടെയും സാമൂഹിക സുരക്ഷ സംബന്ധിച്ച്.
72. ഗ്രാമീണ വൈദ്യുതികരണ കോർപ്പറേഷനെ സംബന്ധിച്ച്.
73. ചൈനീസ് കളിപ്പാട്ടങ്ങളുടെയും മൊബൈൽ ഫോണുകളുടെയും ഇറക്കുമതി നിരോധിക്കുന്നത് സംബന്ധിച്ച്.
74. പ്രവാസി ഭാരതീയരെ സംബന്ധിച്ച്.
75. ഖാദി - ഗ്രാമീണ വ്യവസായങ്ങൾക്കുമേൽ ആഗോളവൽക്കരണം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച്.
76. വിലക്കയറ്റം ചെറുക്കുന്നതിനുള്ള സബ്സിഡികളെ സംബന്ധിച്ച്.
77. ശബരി റെയിൽവേ ലൈനുമായി ബന്ധപ്പെട്ട.
78. നേഴ്സുമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്.
79. റബർ പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം സംബന്ധിച്ച്.
80. റബർ ടാപ്പിംഗ് തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ സംബന്ധിച്ച്.
81. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ സംബന്ധിച്ച്.
82. റബർ മേഖലയിൽ ആസിയാൻ കരാർ ഉളവാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച്.
83. ഡിസബിലിറ്റി ആക്ട്, 1995- ൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശാരീരിക ന്യൂനതകൾ സംബന്ധിച്ച്.
84. വിദേശത്ത് പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികളെ സംബന്ധിച്ച്.
85. രാസവളങ്ങൾക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച്.
86. കേന്ദ്ര റോഡ് ഫണ്ടിന്റെ ഭാഗമായുള്ള പദ്ധതികളെ സംബന്ധിച്ച്.
87. വിവരാവകാശ പ്രവർത്തകർക്ക് നേരെയുള്ള ഭീഷണികൾ സംബന്ധിച്ച്.
88. ദേശീയപാതകളുടെ വികസനം സംബന്ധിച്ച്.
89. കാർഷിക മേഖലയിലെ ന്യൂനത ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നിധി സംബന്ധിച്ച്.
90. വിദേശ ജയിലുകളിലെ ഇന്ത്യൻ തടവുകാരെ സംബന്ധിച്ച്.
91. ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച്.
92. ഗ്രാമങ്ങൾ തോറും കായിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച്.
93. വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച്.
94. കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ ആരോഗ്യ പദ്ധതി സംബന്ധിച്ച്.
95. ഇൻസുലിന്റെ വിലയുമായി ബന്ധപ്പെട്ട.
96. പട്ടിക്ക് ജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം നടപ്പാക്കുന്നത് സംബന്ധിച്ച്.
97. വിമുക്തഭടന്മാർ ക്കുള്ള പെൻഷൻ വിതരണം സംബന്ധിച്ച്.
98. കോവിഡ് 19 മൂലം ഉണ്ടായ മരണങ്ങൾ സംബന്ധിച്ച്.
99. വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണം.
100. രാജ്യത്തെ വർക്കിംഗ് വുമൺ ഹോസ്റ്റലിന് സാമ്പത്തിക സഹായം നൽകുന്നതുമായ ബന്ധപ്പെട്ട.
101. ഗൾഫ് രാജ്യങ്ങളിലേക്കുള്ള അമിതമായ വിമാന ടിക്കറ്റ് നിരക്ക് സംബന്ധിച്ച്.

## പുരയിടം കൃഷിയിടമാക്കാൻ യുവാക്കൾ ഇറങ്ങണം



ആന്റോ ആന്റണി എംപി





## കോന്നി കേന്ദ്രീയ വിദ്യാലയം: എംപിയുടെ നേതൃത്വത്തിൽ വഴി നിർമാണം തുടങ്ങി



## ഹൊസൂരിൽ മലയാളികൾക്ക് ഭക്ഷ്യസാധനമെത്തിച്ച് ആന്റോ ആന്റണി

## 'മൊബൈൽ ടവറുകൾ സ്ഥാപിക്കും'

## വിദ്യാഭ്യാസ വായ്പകൾക്ക് മൊറട്ടോറിയം വേണം: ആന്റോ ആന്റണി

## കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്നു: ആന്റോ





## ജീവൻവച്ച് ജലജീവൻ

## ഓക്സിജൻ പ്ലാന്റ് പൊട്ടിത്തെറിച്ച സംഭവത്തിൽ അന്വേഷണം വേണം: ആന്റോ

## ബാങ്കുകൾ സാധാരണക്കാർക്ക് വായ്പ നൽകി സഹായിക്കണം: ആന്റോ ആന്റണി

## എംപി ഇടപെട്ടു: അർബുദ മരുന്ന് വീട്ടിലെത്തിച്ച് മാതൃകകാട്ടി പോസ്റ്റൽ സൂപ്രണ്ട്



## പഴൂർ–ചക്കിമുക്ക് റോഡിന് 3.78 കോടി: ആന്റോ ആന്റണി



## കോന്നി കേന്ദ്രീയ വിദ്യാലയം: പുതിയ കെട്ടിട നിർമാണം പൂർത്തിയായി



## റബർ ആക്ട് ഭേദഗതി നീക്കം പിൻവലിക്കണം: ആന്റോ ആന്റണി

## ജില്ലയിൽ 16.29 കോടിയുടെ നിർമാണങ്ങൾ നടപ്പാക്കും: ആന്റോ ആന്റണി

## തിരുവല്ല റെയിൽവേ സ്റ്റേഷൻ വികസനം: മാർച്ച് 31ന് മുൻപ് പൂർത്തീകരിക്കും

## ഡൽഹിയിൽ നഴ്സിന്റെ മരണം: ആന്റോ ആന്റണി എംപി വീട് സന്ദർശിച്ചു

## ശബരിമല: ലൈക്കങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ആന്റോ ആന്റണി

## റബർ ആക്ട് ഭേദഗതി നീക്കം പിൻവലിക്കണം: ആന്റോ ആന്റണി

## പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ തുറക്കണമെന്ന് ആന്റോ ആന്റണി

## 'വൈദ്യുതി നിയമ ഭേദഗതികളിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറണം'

## കോവിഡ് ചികിത്സാ ഉപകരണങ്ങൾ കൈമാറി

## റോഡ് നിർമാണം: ജില്ലയ്ക്ക് 8.08 കോടി



## അതിക്രമത്തിലൂടെ റോഡിന് സ്ഥലം ഏറ്റെടുക്കൽ: സംഘർഷം

## ലോക്സഭയിൽ ഉന്നയിച്ചു

ആന്റോ ആന്റണി എംപി



## സംസ്ഥാന സർക്കാർ ഉണർന്നുപ്രവർത്തിക്കണം: ആന്റോ ആന്റണി

## നാശനഷ്ടം വിലയിരുത്തി എംപി

## സർക്കാർ തിരുത്തണം ജനകീയ സമരത്തിന്റെ വിജയം: ആന്റോ

## ...ാട്ട് സ്പോട്ട് പട്ടിക: ...ത്തായ വില്ലേജുകൾ ...പ്പെടുത്തണം: ആന്റോ

## വിദേശത്തുള്ളവരെ രണ്ടാഴ്ചയ്ക്കുള്ളിൽ എത്തിക്കണം: ആന്റോ

## ഉമ്മൻചാണ്ടിക്കൊപ്പമുള്ള യാത്രകൾ രാഷ്ട്രീയപാഠം - ആന്റോ ആന്റണി

## തിരുവല്ല റെയിൽവേ സ്റ്റേഷൻ നവീകരണത്തിന് 12.41 കോടി അനുവദിച്ചതായി ആന്റോ ആന്റണി

## സർക്കാരും വനംവകുപ്പും തെറ്റിദ്ധരിപ്പിക്കുന്നു: ആന്റോ ആന്റണി

## മലയാളി നഴ്സിന് വിദഗ്ധ ചികിത്സ ഉറപ്പാക്കി ആന്റോ

## ശബരിമല: പ്രധാനമന്ത്രിക്ക് ആന്റോ ആന്റണിയുടെ കത്ത്

## റബർ നിയമ ഭേദഗതി നീക്കം ഉപേക്ഷിക്കണം: ആന്റോ

## മോട്ടർ വാഹന നിയമ ഭേദഗതി തകർക്കും: ആന്റോ ആന്റണി

## കസ്തൂരിരംഗൻ റിപ്പോർട്ട്: കൃഷിമേഖല ഒഴിവാക്കണമെന്ന് ആന്റോ ആന്റണി

## 14 ബൈപാസുകളും 8 മേൽപാലങ്ങളും ഉൾക്കൊള്ളിച്ച് 183എ ദേശീയപാത



## പ്രവാസികളോടുള്ള അവഗണന: ഡിസിസി സത്യാഗ്രഹം നടത്തി

## പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം: ആന്റോ

## റബർ പ്രോത്സാഹന വികസന ബില്ലിനെതിരെ പ്രധാനമന്ത്രിക്ക് ആന്റോയുടെ കത്ത്

## ആന്റോയുടേത് മികച്ച പ്രകടനം: മാർത്തോമ്മാ മെത്രാപ്പൊലീത്ത








CAA
CAA













Protect
Parliamentary
Democracy
PROTECT
WE WANT UNITED














കർഷക ധർണ്ണ
NCRPS


GOVT. L.P. SCHOOL, KONNI
ESTD. 1871






സമരപ്പന്തൽ


7 ഞായർ
25th
ANNIVERSARY





Printed and Published by President DCC, Pathanamthitta. Copies - 25,000

# വാസ്തവം ബോധ്യപ്പെടുമ്പോൾ

